134/2012
28-02-2012

# ഇടയലേഖനം-117

## ജേക്കബ് മനത്തോടത്ത്

ദൈവത്തിന്റെ കാരുണ്യത്താലും അനുഗ്രഹത്താലും
**പാലക്കാട് രൂപതയുടെ മെത്രാൻ**
**മാർ ജേക്കബ് മനത്തോടത്ത്**
രൂപതാംഗങ്ങളായ വൈദികർക്കും സന്യസ്തർക്കും
സഹോദരീസഹോദരന്മാർക്കും കുട്ടികൾക്കും എഴുതുന്നത്.

**മിശിഹായിൽ പ്രിയപ്പെട്ടവരേ,**

നമ്മുടെ സഭയുടെ തലവനും പിതാവുമായ മാർ ജോർജ്ജ് ആലഞ്ചേരി മെത്രാപ്പൊലീത്താ കർദ്ദിനാൾ സ്ഥാനത്തേക്ക് ഉയർത്തപ്പെട്ടുവെന്നത് നമുക്കെല്ലാവർക്കും സന്തോഷിക്കുവാനും അഭിമാനിക്കുവാനും വക നല്കുന്ന കാര്യമാണ്. അദ്ദേഹത്തിനും ഭാരത കത്തോലിക്കാസഭയ്ക്കും വളരെ പ്രത്യേകമായി സീറോമലബാർ സഭയ്ക്കും ലഭിച്ച അംഗീകാരമാണിത്. എട്ട് മാസങ്ങൾക്കു മുമ്പ് സഭയുടെ ശ്രേഷ്ഠ മെത്രാപ്പൊലീത്താ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ട പിതാവിനെ വേഗം തന്നെ കർദ്ദിനാൾ സ്ഥാനത്തേക്കു ഉയർത്തിയതു വഴി ആഗോളസഭയിൽ സീറോ മലബാർ സഭയ്ക്കുള്ള സ്ഥാനത്തെയും പ്രാധാന്യത്തെയും മാർപാപ്പ ഒരിക്കൽകൂടി അംഗീകരിച്ചിരിക്കുകയാണ്. പരിശുദ്ധപിതാവു നമ്മുടെ സഭയോടു കാണിച്ച സ്നേഹത്തിനും താല്പര്യത്തിനും നാം അദ്ദേഹത്തോട് വളരെ കടപ്പെട്ടവരാണ്. ആലഞ്ചേരി പിതാവിന്റെ പുതിയ ഉത്തരവാദിത്വം വിശ്വസ്തതയോടെ നിർവ്വഹിക്കുവാൻ വേണ്ട കൃപ അദ്ദേഹത്തിനു ലഭിക്കുന്നതിനുവേണ്ടി നമുക്കു പ്രാർത്ഥിക്കാം. പാലക്കാട് രൂപതയുടെ അഭിനന്ദനങ്ങളും പ്രാർത്ഥനാവാഗ്ദാനവും ഞാൻ അദ്ദേഹത്തെ അറിയിച്ചിട്ടുണ്ട്. അതിനെല്ലാം നന്ദി പറഞ്ഞ അദ്ദേഹം നമ്മുടെ രൂപതയിൽ നടത്തിയ അജപാലന സന്ദർശനത്തിന്റെ നല്ല സ്മരണകൾ പങ്കുവെയ്ക്കുകയുണ്ടായി.

നോമ്പുകാലം പകുതി കഴിഞ്ഞു. മാർപാപ്പ ഈ വർഷത്തെ തന്റെ നോമ്പുകാല സന്ദേശത്തിലൂടെ നമ്മെ എല്ലാവരെയും ആഹ്വാനം





ചെയ്യുന്നത് മറ്റുള്ളവരെ സ്നേഹിക്കുകയും പ്രോത്സാഹിപ്പിക്കുകയും അവരുടെ കാര്യങ്ങളിൽ താല്പര്യം എടുക്കുകയും ചെയ്യുന്ന വ്യക്തികളാകാനാണ്. “സ്നേഹത്തോടെ ജീവിക്കുന്നതിനും നല്ല കാര്യങ്ങൾ ചെയ്യുന്നതിനും പരസ്പരം പ്രോത്സാഹിപ്പിക്കാൻ എങ്ങനെ കഴിയുമെന്ന് നമുക്ക് പര്യാലോചിക്കാം” (ഹെബ്രാ 10.24) എന്ന തിരുവചനത്തെ അടിസ്ഥാനമാക്കിയുള്ള പരിചിന്തനങ്ങളാണ് അദ്ദേഹം നമുക്കുനല്കുന്നത്. വിശ്വാസം വഴി നാം ഒരു കുടുംബത്തിലെ അംഗങ്ങളായിത്തീർന്നു (ഗലാ.6.10). ആയതിനാൽ നാം പരസ്പരം സഹോദരീസഹോദരന്മാരാണ്. യേശുക്രിസ്തുവിനോട് ഐക്യപ്പെട്ടു മാമോദീസാ സ്വീകരിച്ച നമ്മൾ അവിടുത്തോടൊപ്പം ഒരു ശരീരമായി മാറി. അവിടുന്നാണ് ശരീരത്തിന്റെ ശിരസ്. നാമെല്ലാം അതിന്റെ അവയവങ്ങളാണ്. മറ്റുള്ളവരിൽ നിന്ന് ഒറ്റപ്പെട്ടും നമ്മുടെ സഹോദരീസഹോദരന്മാരുടെ ഭാഗധേയത്തെ സംബന്ധിക്കുന്ന കാര്യങ്ങളിൽ നിസ്സംഗത പുലർത്തിയും ജീവിക്കേണ്ടവരല്ല നമ്മൾ. അവരുടെ കാവൽക്കാരും നല്ല അയൽക്കാരും സ്നേഹിതരുമായിത്തീരാൻ നമ്മുക്കു സാധിക്കണം. മറ്റുള്ളവരെ നമ്മുടെ സഹോദരീസഹോദരന്മാരായി കാണാൻ ആത്മാർത്ഥമായി പരിശ്രമിച്ചാൽ നമ്മുടെ ഹൃദയങ്ങളിൽ ഐക്യദാർഢ്യം, നീതി, കാരുണ്യം, സഹതാപം എന്നിവ സ്വാഭാവികമായി ഉണ്ടാകുമെന്ന് മാർപാപ്പ എടുത്തു പറയുന്നുണ്ട്. മറ്റുള്ളവരെ സഹായിക്കാൻ നമുക്കെപ്പോഴും അവസരങ്ങൾ ലഭിക്കാറുണ്ട്. എത്രയോ ആളുകളാണ് നമ്മുടെ ഒരിറ്റു ദയയ്ക്കായി കേഴുന്നത്. എങ്കിലും നമ്മുടെ സഹായം യാചിക്കുന്നവരെ നാം പലപ്പോഴും കണ്ടില്ലെന്ന് നടിക്കുന്നു.

സാഹോദര്യത്തിന്റെ അഭാവമാണ് ഇന്നത്തെ ലോകത്തിന്റെ ഏറ്റം വലിയ സഹനമെന്ന് പോൾ ആറാമൻ പാപ്പാ പ്രസ്ഥാവിക്കുകയുണ്ടായി. സ്വാർത്ഥത വർദ്ധിക്കുകയും സാഹോദര്യം കുറയുകയും ചെയ്യുന്നതുവഴി മനുഷ്യ സമൂഹം അങ്ങേയറ്റം രോഗാതുരമായി മാറിയിരിക്കുകയാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ബനഡിക്റ്റ് പതിനാറാമൻ പാപ്പായുടെ വാക്കുകളിൽ, ആധുനിക മനുഷ്യരിൽ പലരെയും ഒരുതരം “ആദ്ധ്യാത്മിക മരവിപ്പ്” ബാധിച്ചിരിക്കുകയാണ്. അതിന്റെ ഫലമായി അവർ മറ്റുള്ളവരുടെ വേദനകളും പ്രയാസങ്ങളും സഹനങ്ങളും മനസ്സിലാക്കുവാൻ സാധിക്കാത്ത കഠിന ഹൃദയരായി മാറുന്നു. ഇത്തരക്കാരുടെ പ്രതിനിധികളാണ് നല്ല സമരിയക്കാരന്റെ ഉപമ

യിലെ പുരോഹിതനും ലേവായനും, ധനവാന്റെയും ലാസറിന്റെയും ഉപമയിലെ ധനവാനും. തങ്ങളുടെ മുമ്പിൽ കിടന്ന ഹതഭാഗ്യനായ വ്യക്തിയോട് അനുകമ്പകാണിക്കാൻ അവർക്കു കഴിയാതെ പോയി. അവന്റെ വേദനയും സഹനവും സ്വന്തം ശരീരത്തിലും മനസ്സിലും ഏറ്റുവാങ്ങി സ്വന്തമാക്കുവാനും അതു പരിഹരിക്കുന്നതിന് വേണ്ടതു ചെയ്യുവാനും സാധിക്കാത്തവിധം അവരുടെ ഹൃദയം മരവിച്ചുപോയി. അത്തരക്കാർക്കു ലഭിക്കുന്ന ശിക്ഷയെപ്പറ്റി കർത്താവ് നമുക്കു മുന്നറിയിപ്പ് നല്കുന്നുണ്ട്. സ്വാർത്ഥപരമായി മാത്രം ചിന്തിക്കുന്ന വ്യക്തികളാകരുത് നമ്മൾ. എന്തുചെയ്താലും അതുവഴി "തനിക്ക് എന്തുകിട്ടും" എന്ന് ചിന്തിക്കുന്നവരുണ്ട്. പലരുടെയും ജീവിത പരാജയത്തിന്റെ കാരണവും ഈ ചിന്താഗതി തന്നെയാണ്. നമ്മുടെ ജീവിതം സ്വാർത്ഥപൂരിതമായതുകൊണ്ട് മറ്റുള്ളവർക്ക് ചെയ്തുകൊടുക്കാനാകുമായിരുന്ന എത്രയോ നന്മകളാണ് നാം ചെയ്യാതെപോയിട്ടുള്ളത്. ആ നന്മകൾ നാം ചെയ്തുകൊടുത്തിരുന്നുവെങ്കിൽ അവരുടെ ജീവിതത്തോടൊപ്പം നമ്മുടെ ജീവിതവും എത്രയേറെ ധന്യവും പ്രസന്നപൂർണ്ണവുമാകുമായിരുന്നു.

ദൈവം എപ്പോഴും അനുകമ്പ കാണിക്കുന്നതിൽ സമ്പന്നനാണ്. നമ്മെ രക്ഷിക്കുവാൻ അവിടുന്ന് തയ്യാറായതും അവിടുത്തെ കരുണ ഒന്നുകൊണ്ടുമാത്രമാണ്. മനുഷ്യനായി അവതരിച്ച ദൈവപുത്രനും എല്ലാവരോടും അനുകമ്പ കാണിച്ചവനാണ്. "ഈ ജനക്കൂട്ടത്തോട് എനിക്കു അനുകമ്പതോന്നുന്നു" (മർക്കോ 8.2) എന്ന് പറഞ്ഞ അവിടുന്ന് അനുകമ്പയുടെ മൂർത്തീഭാവമായിരുന്നു. നിസ്സഹായരും പരിഭ്രാന്തരുമായ ജനങ്ങളെ കണ്ടിട്ട് അവരോട് അനുകമ്പതോന്നി അവരെ സഹായിക്കാതെ കടന്നു പോകാൻ അവിടുത്തേക്ക് സാധിച്ചില്ല. നമ്മൾ ഒരിക്കലും സഹിക്കുന്നവരോട് അനുകമ്പകാണിക്കാൻ കഴിവില്ലാത്തവരും ദരിദ്രരുടെ വിലാപം കേൾക്കാൻ പാടില്ലാത്തവിധം കഠിന ഹൃദയരും ആകരുതെന്ന് മാർപാപ്പാ തന്റെ സന്ദേശത്തിലൂടെ നമ്മെ ഉദ്ബോധിപ്പിക്കുന്നു. എല്ലാവരോടും താല്പര്യം കാണിക്കുക എന്നാൽ അവരുടെ ശാരീരികവും ധാർമ്മികവും ആദ്ധ്യാത്മികവുമായ നന്മ ആഗ്രഹിക്കുകയും അതിനായി പ്രവർത്തിക്കുകയും ചെയ്യുക എന്നാണ് അർത്ഥമാക്കുന്നതെന്ന് മാർപാപ്പാ വ്യക്തമാക്കുന്നു.





നമ്മുടെ നാഥനും രക്ഷകനുമായ ഈശോ മിശിഹായുടെ പീഡാനുഭവത്തിന്റെയും മരണത്തിന്റെയും സംസ്കാരത്തിന്റെയും ഉത്ഥാനത്തിന്റെയും ഓർമ്മ പ്രത്യേകവിധം ആചരിക്കുന്ന വലിയ ആഴ്ച അഥവാ പീഡാനുഭവവാരം അടുത്തുവരികയാണ്. ഈശോ പീഡകളനുഭവിച്ച് മരിച്ചത് സ്വാർത്ഥതയുടെയും പാപത്തിന്റെയും മരണത്തിന്റെയും അടിമത്തത്തിൽ നിന്ന് നമ്മെ മോചിപ്പിക്കാനായിരുന്നു. അവിടുന്നുതന്നെ നമ്മുടെ പാപഭാരം ചുമന്ന്, കാല്‌വരിയിൽ നമുക്കുവേണ്ടി പീഡകളനുഭവിച്ചു മരിച്ചു. നമ്മെ അതുവഴി സ്വതന്ത്രരും ദൈവമക്കളുമാക്കി. നമ്മുടെ കർത്താവിന്റെ പീഡാനുഭവത്തെയും കുരിശുമരണത്തെയും പറ്റി ധ്യാനിച്ച് വെറും വൈകാരികമായ സഹതാപം നമ്മിൽ ഉളവാക്കുക എന്നതല്ല നമ്മുടെ പീഡാനുഭവ ഭക്തിയുടെയും കുരിശിന്റെവഴിയുടെയും ആരാധനയുടെയും പരിഹാരപ്രദക്ഷിണത്തിന്റെയും ലക്ഷ്യം. കർത്താവിന്റെ പീഡാനുഭവത്തെപ്പറ്റി നാം ധ്യാനിക്കുന്നതോടൊപ്പം അതിനു കാരണമായ നമ്മുടെ സ്വാർത്ഥതയേയും, പാപത്തേയും ഓർത്തുകൂടി ധ്യാനിക്കണം. യഥാർത്ഥമായ പീഡാനുഭവ ഭക്തി അനുതാപത്തിലേക്കും മാനസാന്തരത്തിലേക്കും ജീവിത നവീകരണത്തിലേക്കും നമ്മെ നയിക്കണം. മറ്റുവാക്കുകളിൽ ക്രൈസ്തവമായ ഒരു ജീവിതം തന്നെയാണ് പീഡാനുഭവഭക്തിയുടെ ലക്ഷ്യം. സ്ഥാർത്ഥതയോടും പാപത്തോടുമുള്ള നിരന്തരമായ സമരമാണല്ലോ ക്രൈസ്തവജീവിതം. ഈ സമരം തന്നെയാണ് ക്രൈസ്തവജീവിതത്തിൽ നാമെല്ലാവരും അവശ്യം വഹിക്കേണ്ട കുരിശ്. ഈ സമരത്തെ ഉദ്ദേശിച്ചാണ് ഈശോ പറഞ്ഞത് "ആരെങ്കിലും എന്റെ പിന്നാലെ വരുവാൻ ആഗ്രഹിക്കുന്നെങ്കിൽ അവൻ തന്നെത്തന്നെ പരിത്യജിച്ച് അനുദിനം തന്റെ കുരിശുമെടുത്തുകൊണ്ട് എന്നെ അനുഗമിക്കട്ടെ" (ലൂക്ക 9.23). കുരിശുകൾ ഇല്ലാത്ത ക്രൈസ്തവജീവിതമില്ല. നമ്മുടെ കുരിശുകളാകട്ടെ സ്വാർത്ഥയുടെയും പാപത്തിന്റെയും പ്രവണതകളോടുള്ള അനുദിനപോരാട്ടമാണ്. അതിൽ വിജയിച്ച് മുന്നേറുന്നവർക്കാണ് കർത്താവിനോടുകൂടെ മഹത്വത്തിലേക്ക് പ്രവേശിക്കുവാൻ സാധിക്കുന്നത്.

നമ്മുടെ മാത്രം രക്ഷയിലെ നമുക്കു താല്പര്യമുള്ളൂവെങ്കിൽ നാം സ്വാർത്ഥതയുടെ അടിമകൾ തന്നെയാണ്. നാം ഒരു കൂട്ടായ്മയുടെ ഭാഗമാണ് എന്ന കാര്യം മറക്കരുത്. മനുഷ്യന്റെ അസ്ഥിത്വം സഹാസ്ഥിത്വമാണെന്നും ജീവിതം കൂട്ടായ്മയാണെന്നും അപരൻ

സഹോദരനാണെന്നുമുള്ള ക്രിസ്തീയ ദർശനം നാം ഉൾക്കൊള്ളണം. എല്ലാവരുടെയും ആദ്ധ്യാത്മികവും ഭൗതികവുമായ ക്ഷേമത്തിൽ നമുക്കു താല്പര്യമുണ്ടാകണം. നാം ഒരു ശരീരത്തിലെ അവയവങ്ങളായതുകൊണ്ട് നമ്മുടെ സുസ്ഥിതിയും രക്ഷയും മറ്റുള്ളവരുടെ സുസ്ഥിതിയും രക്ഷയുമായി അഭേദ്യം ബന്ധപ്പെട്ടിരിക്കുന്നു. നമ്മുടെ ജീവിതത്തിനും, നമ്മുടെ ഓരോ പ്രവൃത്തിക്കും, അതു നല്ലതായാലും മോശമായാലും, സാമൂഹികമായ ഒരു മാനമുണ്ടെന്ന് ഓർക്കണം. അതു മറ്റുള്ളവരെ നന്മയ്ക്കൊ തിന്മയ്ക്കൊ സ്വാധീനിക്കുന്നു. മറ്റുള്ളവർക്കു ദുഷ്പ്രേരണ കൊടുക്കുന്നവരൊ പ്രലോഭനഹേതുവാകുന്നവരൊ ആകരുത് നമ്മൾ. പകരം പാപിയെ തെറ്റായ മാർഗ്ഗത്തിൽ നിന്നും പിന്തിരിപ്പിക്കാൻ നാം ശ്രമിക്കണം. അതു വഴി നാം നമ്മെത്തന്നെ രക്ഷിക്കുന്നു (യാക്കോ.5.20). മറ്റുള്ളവരോടുള്ള നമ്മുടെ താല്പര്യം യഥാർത്ഥമാണെങ്കിൽ അവരുടെ ആദ്ധ്യാത്മികമായ ക്ഷേമത്തിലും താല്പര്യമെടുക്കാൻ നാം പ്രേരിതരാകുമെന്ന് മാർപാപ്പാ തന്റെ സന്ദേശത്തിൽ പ്രത്യേകം എടുത്തു പറയുന്നു.

ക്ലേശിതരും ദു:ഖിതരും ദരിദ്രരുമായവരെ സഹായിക്കുന്ന കാര്യത്തിൽ നാം പ്രത്യേക താല്പര്യമെടുക്കണം. അവരുടെ ശാരീരികനന്മയ്ക്കും വിമോചനത്തിനും വേണ്ടിയുള്ള പ്രവർത്തനവും ആത്മീയ നന്മയ്ക്കുവേണ്ടിയുള്ള പ്രവർത്തനം പോലെ തന്നെ പ്രാധാന്യം അർഹിക്കുന്നതാണ്. "ഒരു അവയവം വേദനയനുഭവിക്കുമ്പോൾ എല്ലാ അവയവങ്ങളും വേദനയനുഭവിക്കുന്നു" (1 കോറി 12.26). പട്ടിണി കിടക്കുന്ന കുഞ്ഞുങ്ങളും അന്തിയുറങ്ങാൻ ഇടമില്ലാത്ത അനാഥരും മരുന്നും ശുശ്രൂഷയും കിട്ടാതെ വേദന തിന്നു കഴിയുന്ന രോഗികളും ആരോഗ്യമില്ലാതെയും പരിചരണം ലഭിക്കാതെയും മരിക്കുന്ന വൃദ്ധരും നമ്മുടെ സഹോദരീസഹോദരന്മാരാണ്. അവരിലൂടെ കർത്താവ് ഇന്നും തന്റെ പീഡാനുഭവം തുടരുകയാണ്. ഇന്നും സഹിക്കുന്ന ക്രിസ്തുവിനെ അവരിൽ നാം കണ്ടുമുട്ടുന്നു. അവരെ ആശ്വസിപ്പിക്കാനും രക്ഷിക്കാനും ശ്രമിക്കാതെ കർത്താവിന്റെ ഗതകാലപീഡാസഹനത്തെ ഓർത്തു സഹതപിക്കുന്നതിൽ അർത്ഥമില്ല. ക്രൂശിതരായവരെ കുരിശിൽ നിന്നിറക്കുവാനും സഹായിക്കുവാനും ശ്രമിക്കുമ്പോൾ ക്രൂശിതനായ കർത്താവിന്റെ രക്ഷാകര ദൗത്യം തുടരുകയാണ് നാം ചെയ്യുന്നത്. അതുവഴി നാം അവിടുത്തെ സഹരക്ഷകരായി മാറുന്നു.





വൈദികരും സന്യസ്തരും കർത്താവിന്റെ രക്ഷാകര ദൗത്യം പ്രത്യേകവിധം തുടർന്ന് കൊണ്ടുപോകാൻ വിളിക്കപ്പെട്ടവരാണ്. പൗരോഹിത്യ ശുശ്രൂഷയെയും സമർപ്പിത ജീവിതത്തെയും പറ്റി ശരിയായ അറിവ് യുവതീയുവാക്കൾക്ക് നല്കി ദൈവവിളി സ്വീകരിക്കുവാൻ അവരെ പ്രോത്സാഹിപ്പിക്കുവാൻ ബ. വികാരിയച്ചന്മാരും മാതാപിതാക്കളും മതാദ്ധ്യാപകരും കടപ്പെട്ടവരാണ്. ധാരാളം ദൈവവിളികൾ ഉണ്ടാകുവാൻ വേണ്ടി നാം എല്ലാവരും പ്രാർത്ഥിക്കേണ്ടതുമാണ്. ഇക്കാര്യം സംബന്ധിച്ച് വേണ്ട ബോധവത്ക്കരണം നൽകുവാനും ധാരാളം പേർ ഈ ശുശ്രൂഷാരംഗത്തേക്ക് കടന്നുവരുന്നതിനു വേണ്ടി പ്രത്യേക പ്രാർത്ഥനാശുശ്രൂഷകൾ നടത്താനുമുള്ള അവസരമാണ് ദൈവവിളിദിനം. ഈ വർഷം മാർച്ച് 29നാണ് ദൈവവിളി ദിനമായി ആചരിക്കുന്നത്. നമ്മുടെ രൂപതാ മൈനർസെമിനാരിയിൽ ചേർന്നു വൈദികപഠനം നടത്തുവാൻ ആഗ്രഹിക്കുന്നവർക്ക് വേണ്ടിയുള്ള ദൈവവിളി ക്യാമ്പ് മാർച്ച് 27 മുതൽ 30വരെ കല്ലേപ്പുള്ളി മൈനർ സെമിനാരിയിൽവച്ച് നടത്തപ്പെടുന്നതാണ്. അതിൽ സംബന്ധിക്കുവാൻ താല്പര്യമുള്ള യുവാക്കളെ പറഞ്ഞയക്കാൻ ബ. വികാരിയച്ചന്മാർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

നിങ്ങൾക്കെല്ലാവർക്കും സമാഗതമാകുന്ന ഉയിർപ്പുതിരുന്നാളിന്റെ മംഗളങ്ങൾ മുൻകൂട്ടി തന്നെ ഞാൻ നേരുന്നു. സ്വന്തം രക്ഷയിലും അപരന്റെ രക്ഷയിലും ആത്മാർത്ഥമായ താല്പര്യം എടുക്കാൻ, നമുക്കു വേണ്ടി പീഡകൾ സഹിച്ച് മരിച്ച് ഉത്ഥാനം ചെയ്ത നമ്മുടെ കർത്താവ് നമ്മെ സഹായിക്കട്ടെ.

നമ്മുടെ കർത്താവീശോമിശിഹായുടെ + കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും + പരിശുദ്ധാത്മാവിന്റെ സഹവാസവും + നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ.

യേശുവിൽ നിങ്ങളുടെ വത്സലപിതാവ്,

+ J. Manathodath

**മാർ ജേക്കബ് മനത്തോടത്ത്**
പാലക്കാട് രൂപതയുടെ മെത്രാൻ

NB: ഈ ഇടയലേഖനം **മാർച്ച് 18-ാം** തിയ്യതി ഞായറാഴ്ച കുർബാന മദ്ധ്യേ എല്ലാ പള്ളികളിലും പൊതുജനങ്ങൾക്കായി കുർബാനയുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

133/2012
28-02-2012

# വിജ്ഞാപനം - 111

മലയാളത്തിലെ ആദ്യ ദിനപ്പത്രമായ ദീപികയുടെ 125-ാം വാർഷികാഘോഷത്തിന്റെ ഭാഗമായി രൂപതകളിൽ നടത്തപ്പെടുന്ന പരിപാടികൾ ഇതിനകം നിങ്ങൾ അറിഞ്ഞുകാണുമല്ലോ. പ്രധാനമായും കാർഷിക മേഖലയായ നമ്മുടെ രൂപതയിൽ ദീപികയും PSSPയും സംയുക്തമായി മാർച്ച് 24ന് ശനിയാഴ്ച 10 മണിക്ക് പാസ്റ്ററൽ സെന്ററിൽവെച്ച് കർഷക സുഹൃത്തുക്കളുടെ സംഗമം ക്രമീകരിച്ചിട്ടുണ്ട്.

കൃഷിക്കാരന്റെ നീറുന്ന പ്രശ്നങ്ങൾ ഭരണാധികാരികളുടെ പക്കൽ തുറന്നു കാണിക്കുവാൻ ദീപിക നാളിതുവരെ ചെയ്ത പ്രവർത്തനങ്ങൾ വളരെ പ്രശംസനീയമാണ്. മാധ്യമങ്ങൾ കമ്പോളവത്കരിക്കപ്പെടുന്ന ഇക്കാലത്ത് സമൂഹ മനഃസാക്ഷിയുടെ നേർകാഴ്ചയായി, ധാർമ്മികതയും സത്യവും ഉയർത്തിപ്പിടിക്കുന്ന ദീപികയെ വളർത്തേണ്ടത് സമൂഹത്തിന്റെ ആവശ്യമാണ്. സത്യത്തോടും നീതിയോടുമുള്ള പ്രതിബദ്ധയും സഭാസ്നേഹവും രാഷ്ട്രതല്പരതയും കർഷകരോടുള്ള പ്രത്യേക മമതയുമാണ് ദീപികയുടെ തനിമ. അവയാണ് മറ്റ് പത്രങ്ങളിൽനിന്ന് ദീപികയെ വ്യത്യസ്ഥമാക്കുന്നത്. പത്രം വാങ്ങുവാനും വായിക്കുവാനും പ്രചരിപ്പിക്കുവാനും സഭാമക്കൾ കാണിക്കുന്ന അതീവതാല്പര്യത്തെ ഞാൻ അഭിനന്ദിക്കുന്നു. ബഹു. അച്ചന്മാരുടെ ശക്തമായ നേതൃത്വവും അല്മായസഹോദരങ്ങളുടെ ആത്മാർത്ഥ സഹകരണവും എന്നും ദീപികയുടെ വളർച്ചയിൽ വലിയ കൈത്താങ്ങായി വർത്തിക്കുന്നുണ്ട്.

മാർച്ച് 24ന് നടക്കുന്ന കർഷകസംഗമത്തിലേക്ക് ഇടവകയിൽ നിന്ന് അഞ്ചുപേരെയെങ്കിലും അയക്കണമെന്ന് കഴിഞ്ഞ മാസധ്യാനത്തിൽ ഞാൻ അറിയിച്ചിരുന്നുവല്ലോ. ബഹു. വികാരിയച്ചന്മാർ അതുപ്രകാരം അവരെ അയക്കുവാൻ ഉത്സാഹിക്കണം. പങ്കെടുക്കുന്നവരുടെ പേരുകൾ മാർച്ച് 15നു മുമ്പ് ബഹു. ജനറാളച്ചനെ ഏല്പ്പിച്ചാൽ അവർക്കുള്ള ക്ഷണക്കത്ത് ഇവിടെ നിന്ന് അയക്കുന്നതാണ്. രാവിലെ 10 മണിക്ക് ആരംഭിച്ച് ഉച്ചഭക്ഷണത്തോടെ അവസാനിക്കുന്ന വിധമാണ് പരിപാടികൾ സംഘടിപ്പിച്ചിരിക്കുന്നത്.

സഭയുടെ നന്മയ്ക്കും സമൂഹത്തിന്റെ മൂല്യാധിഷ്ഠിത സംസ്ക്കാരിക മുന്നേറ്റത്തിനും ദീപിക നിർവഹിച്ച നിസ്തുല സേവനങ്ങൾ ഓർക്കുന്നതിനും വരുംതലമുറയ്ക്ക് അവ കൈമാറുന്നതിനും വേണ്ടി സംഘടിപ്പിക്കുന്ന കർഷക സംഗമത്തിലും ദീപികയുടെ ശതോത്തര രജതജൂബിലി പരിപാടികളിലും നമുക്ക് ഒന്നുചേരാം.

യേശുവിൽ നിങ്ങളുടെ വത്സലപിതാവ്,

+ J. Manathodath

**മാർ ജേക്കബ് മനത്തോടത്ത്**
പാലക്കാട് രൂപതയുടെ മെത്രാൻ





2012



# BISHOP'S Engagements

**MARCH 2012**

| | | |
|---|---|---|
| 3 | | Meeting, Pastoral Centre |
| 7 | AM | Pre-Cana, Yuvakshetra |
| | PM | Sehion Retreat Centre, Thavalam |
| 8 | | Meeting. P.O.C., Palarivattom |
| 9 | | Syro Malabar Bishops' Synod, Kakkanad |
| 10 | | Reception to Cardinal Alencherry, St. Mary's Basilica, Ernakulam. |
| 13-14 | | Catechism Commission Meeting, Kakkanad |
| 15-22 | | Rome |
| 24 | | Meeting, Pastoral centre |
| 25 | AM | Mangalam Dam |
| | PM | Thachampara |
| 31 | AM | Minor Orders, Kalleppully |
| | PM | Dhoni |

**APRIL 2012**

| | | |
|---|---|---|
| 1 | | Palm Sunday, Cathedral |
| 2 | 10.30am | Chrism Mass, Cathedral |
| 5 | | Maundy Thursday, Cathedral |
| 6 | | Good Friday, Cathedral |
| 7 | | Holy Saturday, Cathedral |
| 8 | | Easter, Cathedral |



# From the Bishop's Office

**ആശംസകൾ**

മാർച്ച് 19ന് നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന രൂപത വികാരി ജനറാൾ മോൺ. ജോസഫ് ചിറ്റിലപ്പിള്ളി അച്ചനും രൂപതാ ചാൻസലർ മോൺ. ജോസഫ് വെളിയത്തിൽ അച്ചനും മറ്റെല്ലാ വൈദികർക്കും തിരുനാൾ ആശംസകൾ.

**മാസധ്യാനം**

മാർച്ചുമാസത്തിലെ വൈദികരുടെ മാസധ്യാനം അതതു ഫൊറോനകളിൽ വെച്ചായിരിക്കും നടത്തപ്പെടുന്നത്.

**സൈത്ത് വെഞ്ചിരിപ്പ്**

ഈ വർഷത്തെ സൈത്ത് വെഞ്ചിരിപ്പിന്റെ തിരുക്കർമ്മങ്ങൾ ഏപ്രിൽ 2-ാം തിയ്യതി രാവിലെ 10.30ന് പാലക്കാട് സെന്റ് റാഫേൽസ് കത്തീഡ്രലിൽവച്ച് നടത്തപ്പെടുന്നു. അന്നത്തെ ധ്യാനത്തിലും സമൂഹബലിയിലും രൂപതയിൽ സേവനം ചെയ്യുന്ന എല്ലാ വൈദികരും സംബന്ധിക്കേണ്ടതാണ്. കൊച്ചി രൂപതാംഗം ബഹു. ആന്റണി തമ്പി തൈക്കൂട്ടത്തിൽ അച്ചനാണ് അന്നേദിവസം വചനസന്ദേശം നൽകുന്നത്.

**പെസഹാവ്യാഴം പിരിവ്**

സെമിനാരി വിദ്യാർത്ഥികളുടെ പരിശീലനത്തിനായി നമ്മുടെ ഇടവകകളിൽ നിന്നും പെസഹാവ്യാഴാഴ്ച നൽകാറുള്ള സംഭാവനയെപ്പറ്റി ബഹു. വികാരിയച്ചന്മാർ പള്ളിയിൽ അറിയിച്ച് ലഭിക്കുന്ന തുക മെയ് 31ന് മുമ്പായി രൂപതാകാര്യാലയത്തിൽ ഏല്പ്പിക്കണം. രൂപതയിലെ എല്ലാ സ്ഥാപനങ്ങളും ഇതിൽ ഉദാരമായി സഹകരിക്കേണ്ടതാണ്.

**ദൈവവിളിധ്യാനം & ഇന്റൻസീവ് കാറ്റികിസം**

രൂപതയിലെ ദൈവവിളിധ്യാനത്തെക്കുറിച്ചും ഇന്റൻസീവ് കാറ്റികിസത്തെക്കുറിച്ചുമുള്ള കൂടുതൽ വിവരങ്ങൾക്കായി സെമിനാരി വാർത്തകൾ കാണുക.

**വിവിധ പിരിവുകൾ**

2011-2012 വർഷത്തെ രൂപതാദിന പിരിവ്, മിഷൻ ഞായർ പിരിവ്, പ്രേഷിത വർഷത്തേക്കായുള്ള ഒരു ഞായറാഴ്ചത്തെ സ്തോത്രകാഴ്ച എന്നിവ ഈ മാസം തന്നെ എല്ലാ പള്ളികളും സ്ഥാപനങ്ങളും രൂപതാ കാര്യാലത്തിൽ ഏല്പ്പിക്കുക. ഏപ്രിൽ മാസത്തെ ബുള്ളറ്റിനിൽ കണക്കുകൾ പ്രസിദ്ധീകരിക്കുന്നതാണ്.

**രൂപതാബുള്ളറ്റിൻ വരിസംഖ്യ**

ഈ വർഷത്തെ രൂപതാബുള്ളറ്റിൻ വരിസംഖ്യ അടക്കായ്ത്തവർ അത് എത്രയും പെട്ടെന്ന് രൂപതാ കാര്യാലയത്തിൽ ഏല്പ്പിക്കേണ്ടതാണ്.





## MODALITY OF CORRECTION IN THE REGISTER OF BAPTISM

### Procedure for correcting the date of birth in the register of baptism

1. The guardian of the child whose date of birth is wrongly entered shall present a petition to the local hierarch requesting him to give direction to the parish priest of the church where the baptism was administered to issue a certificate with the correct date of birth.
2. The guardian shall produce a copy of the page from the maternity register (birth register) of the hospital on which the details regarding the birth of the child is recorded, duly authenticated by the competent authority of the hospital.
3. The guardian shall produce an affidavit made before a public notary declaring that the date is wrongly recorded in the register of baptism and that such is the correct date of birth.
4. Report of the parish priest of the church where the baptism was administered concerning the entry in the register of baptism.
5. The local hierarch after having verified the authenticity, if he thinks necessary, of the documents presented by the guardian, gives a written direction to the parish priest of the church where baptism was administered.
6. Accordingly, the parish priest corrects the error by writing the reference number of the order of the local hierarch and the correct date of birth in the remark column or margin of the register of baptism without making any alteration in the original entry, puts his signature to the new entry and issues a certificate with the correct date of birth.
7. The original entry of the date of birth is underlined with colour so that the event of correction may be easily noted in case of further reference.
8. All the documents presented by the guardian are to be kept in the archive of the eparchial curia.

**Vicar General**

**PRESHITHA SANGAMAM ( Archdiocese of Trichur)**

The Archdiocese of Trichur, as part of its Post Centennial SilverJubilee, cordially invites all religious men and women from the Archdiocese to take part in the Preshitha Sangamam (Gathering of the Missionaries) on 19thMay 2012.

Please contact: Msgr. George Edakulathur, Vicar General, Catholic Archbishop's House East Fort, Thrissur-680 005, Kerala, South India.

Ph: 0091 487 2333325; 9495053386. Email: curiatcr@yahoo.com

## പാലക്കാട് രൂപതയിലെ വൈദികരുടെ സ്ഥലംമാറ്റം
**(നിയമനം പ്രാബല്യത്തിൽ വരുന്നത് ഫെബ്രുവരി 22, 2012ന് )**

**ഫാ. എടത്തിനാൽ ജോസഫ് എം. സി. ബി. എസ് :** അസിസ്റ്റന്റ് വികാരി, ലൂർദ്ദ് മാതാ ഫൊറോന ചർച്ച്, വടക്കഞ്ചേരി.

**ഫാ. കണച്ചിക്കാട്ട് പോൾ വി. സി :** റിലീവ്ഡ്, അസിസ്റ്റന്റ് വികാരി, വടക്കഞ്ചേരി.

**ഫാ. കുരിശുതറ വിനിൽ സി. എം. എഫ് :** അസിസ്റ്റന്റ് വികാരി, സെന്റ് സേവ്യേർസ് ചർച്ച്, മംഗലം ഡാം.

**ഫാ. ചിറയത്ത് പ്രിൻസ് എം. എസ് :** അസിസ്റ്റന്റ് വികാരി, കാഞ്ഞിരപ്പുഴ.

**ഫാ. ചേക്കാതടത്തിൽ ജോസഫ് എം. സി. ബി. എസ് :** റിലീവ്ഡ്, അസിസ്റ്റന്റ് വികാരി, മണ്ണാർക്കാട്.

**ഫാ. കുളമ്പള്ളിൽ തോമസ് :** അസിസ്റ്റന്റ് വികാരി, ഹോളി സ്പിരിറ്റ് ഫൊറോന ചർച്ച്, മണ്ണാർക്കാട്.

**ഫാ. ഇമ്മട്ടി ലിനൊ :** അസിസ്റ്റന്റ് വികാരി, സെന്റ് റാഫേൽസ് കത്തീഡ്രൽ, പാലക്കാട് & നോട്ടറി, ട്രിബ്യൂണൽ .

**ഫാ. പൂവ്വത്താനിക്കുന്നേൽ ജേക്കബ് :** വികാരി, സെന്റ് സെബാസ്റ്റ്യൻ ചർച്ച്, കുറവമ്പാടി, സെന്റ് ജോർജ്ജ് ചർച്ച്, പുലിയറ & ഇൻഫന്റ് ജീസ്സസ് ചർച്ച്, ഉണ്ണിമല ; കപ്ലോൻ, സേക്രഡ് ഹാർട്ട് കോൺവെന്റ്, ഉണ്ണിമല ; റിലീവ്ഡ്, നോട്ടറി.

**ഫാ. പുത്തൻപുര ജോഷി :** വികാരി, സെന്റ് തോമസ് ചർച്ച്, ചീനിക്കപ്പാറ & സെന്റ് ബെർണദീത്ത ചർച്ച്, വട്ടപ്പാറ; കപ്ലോൻ, ഹോളി ഫാമിലി കോൺവെന്റ് (സി. എസ്. എൻ) ചീനിക്കപ്പാറ.

**ഫാ. പാറയിൽ ജിജോ :** വികാരി, ദിവ്യകാരുണ്യ ചർച്ച്, വാലുപറമ്പ് ; അസി. ഡയറക്ടർ, ആയൂർപാലന ആശുപത്രി; ഡയറക്ടർ, ടെമ്പറൻസ് മൂവ്മെന്റ്.

**ഫാ. കൊടകശ്ശേരിൽ ജോമിസ് ;** ഡയറക്ടർ, പാസറ്ററൽ സെന്റർ.

**ഫാ. വാഴയിൽ മാത്യു:** വികാരി, സെന്റ് റാഫേൽസ് കത്തീഡ്രൽ, പാലക്കാട് ; കപ്ലോൻ, മേഴ്സി കോൺവെന്റ് & സാൻ ഫ്രാൻസിസ്കൊ മിഷൻ ഹൗസ്, പാലക്കാട് ; റിലീവ്ഡ്, ഡയറക്ടർ, പാസ്റ്ററൽ സെന്റർ.

**ഫാ. കല്ലുവേലിൽ ജോസ്:** വികാരി സെന്റ് തോമസ് ചർച്ച്, കാഞ്ഞിരപ്പുഴ & സെന്റ് ജോസഫ് ചർച്ച്, മെഴുകുംപാറ ; കപ്ലോൻ, അസംപ്ഷൻ കോൺവെന്റ് & ഹോളിഫാമിലി കോൺവെന്റ്, കാഞ്ഞിരപ്പുഴ.





**ഫാ. മേച്ചേരി ആൻസൺ :** റിലീവ്ഡ്, വികാരി, മെഴുകുംപാറ.

**ഫാ. ചിറ്റിലപ്പിള്ളി ജോസ് :** വികാരി, സെന്റ് തോമസ് ചർച്ച്, ഇളവമ്പാടം ; കപ്ലോൻ, സെന്റ് ആഗ്നസ് കോൺവെന്റ്, ഇളവമ്പാടം.

**ഫാ. മലേക്കുടിയിൽ ഷെർജൊ :** വികാരി, സെന്റ് പോൾ ചർച്ച്, കല്ല (അഡീഷണൽ).

**ഫാ. ചക്കാലക്കൽ ജോഷി :** വികാരി, സെന്റ് ജോസഫ് ചർച്ച്, കാരാപ്പാടം; കപ്ലോൻ, സെന്റ് ജോസഫ് കോൺവെന്റ്, കാരാപ്പാടം.

**ഫാ. ഒല്ലൂക്കാരൻ വിൻസെന്റ്:** വികാരി, സെന്റ് മേരീസ് ചർച്ച്, മൈലംപുള്ളി ; കപ്ലോൻ, മറിയം ത്രേസ്യ കോൺവെന്റ്, മൈലംപുള്ളി.

**ഫാ. പെരുമ്പിള്ളിൽ റെജി :** വികാരി, സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, ഇരുമ്പകച്ചോല ; കപ്ലോൻ, കാർമൽ ഹൗസ്, ഇരുമ്പകച്ചോല.

**ഫാ. ആഞ്ഞിലിമൂട്ടിൽ ചെറിയാൻ :** സെന്റ് അൽഫോൻസ ചർച്ച്, പൊരിയാനി.

**ഫാ. തോട്ടങ്കര ഫ്രാൻസീസ് :** വികാരി, സെന്റ് സെബാസ്റ്റ്യൻ ചർച്ച്, അകമലവാരം & സെന്റ് ജോസഫ് ചർച്ച്, ആനക്കല്ല് ; കപ്ലോൻ, ഹോളി ഫാമിലി കോൺവെന്റ്, അകമലവാരം.

**ഫാ. കലമറ്റത്തിൽ അരുൺ:** അസ്സോസിയേറ്റ് വികാർ, ഗുഡ് ഷെപ്പേർഡ് ചർച്ച്, കഞ്ചിക്കോട്; അസി. ഡയറക്ടർ, ഫാമിലി അപ്പോസ്റ്റലേറ്റ് (അഡീഷണൽ).

**ഫാ. കൈപ്രമ്പാടൻ ജോമോൻ:** റിലീവ്ഡ്, വികാരി, ജെല്ലിപ്പാറ.

**ഫാ. പ്ലാത്തോട്ടം ബിജു:** വികാരി, സെന്റ് പീറ്റർ ചർച്ച്, ജെല്ലിപ്പാറ & സെന്റ് തെരേസ്സാസ് ചർച്ച്, ധോണികുട് ; കപ്ലോൻ, മൗ് മേരി കോൺവെന്റ്, സ്നേഹഭവൻ കോൺവെന്റ് & സെന്റ് പോൾസ് കോൺവെന്റ്, ജെല്ലിപ്പാറ.

**ഫാ. പുളിക്കത്താഴ രാജു :** വികാരി, സെന്റ് പയസ് ടെൻത് ചർച്ച്, ഒലിപ്പാറ (w.e.f. 4th January 2012); കപ്ലോൻ, സെന്റ് തോമസ് കോൺവെന്റ്, ഒലിപ്പാറ & സെന്റ് തോമസ് കോൺവെന്റ്, പൈതല.

**ഫാ. ഞൊങ്ങിണിയിൽ മാത്യൂ:** ഓൺ സ്റ്റഡി ലീവ് (w.e.f. 4th January 2012).

**ഫാ. വട്ടുകളത്തിൽ സജി :** ഡയറക്ടർ, ജിം ഓഫ്സെറ്റ് പ്രസ്സ്, ; പ്രൊ–വികാർ, സെന്റ് തോമസ് അക്വീനാസ് ചർച്ച്, അകത്തേത്തറ ; കപ്ലോൻ, സെറാഫിക്ക് പ്രൊവിൻഷ്യൽ ഹൗസ് & സാൻജോ കോൺവെന്റ്, പാലക്കാട്.

**ഫാ. കളമ്പാടൻ മാർട്ടിൻ :** വികാരി, സെന്റ് മേരീസ് ചർച്ച്, തത്തമംഗലം ; ഡയറക്ടർ, സി.എൽ.സി ; കപ്ലോൻ, സെന്റ് ഫ്രാൻസീസ് കോൺവെന്റ് & സ്നേഹഗിരി കോൺവെന്റ്, തത്തമംഗലം.

**ഫാ. തട്ടിൽ മാർട്ടിൻ :** വികാരി, ഹോളി ട്രിനിറ്റി ചർച്ച്, യാക്കര ; ഡയറക്ടർ, ശാന്തിഭവൻ ഓർഫനേജ്, യാക്കര.

**ഫാ. ഐപ്പൻപറമ്പിൽ ഡൊമനിക്ക് :** വികാരി, ഡിവൈൻ പ്രോവിഡൻസ് ചർച്ച്, ചന്ദ്രനഗർ ; കപ്ലോൻ, ഡിവൈൻ പ്രോവിഡൻസ് കോൺവെന്റ് & ആഞ്ജെലാ ഭവൻ, ചന്ദ്രനഗർ.

**ഫാ. കാഞ്ഞിരത്തിങ്കൽ റെന്നി :** വികാരി, സെന്റ് മേരീസ് ചർച്ച്, കടപ്പാറ; മാനേജർ, എസ്റ്റേറ്റ്, കടപ്പാറ.

**ഫാ. നാല്പതാംകളം സുമേഷ് :** വികാരി, ലിറ്റിൽ ഫ്ളവർ ചർച്ച്, ആലത്തൂർ & ശാന്തിനാഥാ ചർച്ച്, പഴമ്പാലക്കോട് ; മാനേജർ, എസ്റ്റേറ്റ്, ആലത്തൂർ ; കപ്ലോൻ, ഹോളിഫാമിലി കോൺവെന്റ്, ആലത്തൂർ.

**ഫാ. വാഴേപ്പറമ്പിൽ സണ്ണി :** വികാരി, സെന്റ് ജോർജ് ചർച്ച്, വചനഗിരി ; മാനേജർ, എസ്റ്റേറ്റ്, വചനഗിരി ; കപ്ലോൻ, അസ്സീസി ഭവൻ, വചനഗിരി.

**ഫാ. അരിശ്ശേരിൽ തോമസ് :** അസി. മാനേജർ, എസ്റ്റേറ്റ്, വചനഗിരി (അഡീഷണൽ).

**ഫാ. കൊച്ചുപറമ്പിൽ ജോസ് :** സെന്റ് തോമസ് ചർച്ച്, ഒലവക്കോട് ; കപ്ലോൻ, സെന്റ് തോമസ് കോൺവെന്റ്, ഒലവക്കോട്.

**ഫാ. പൊട്ടേപറമ്പിൽ ജോസ് :** വികാരി, സെന്റ് മേരീസ് ചർച്ച്, ചിറ്റടി & സെന്റ് ജോസഫ് ചർച്ച്, മരിയ നഗർ ; കപ്ലോൻ, ബെത്‌ലെഹം കോൺവെന്റ്, ചിറ്റടി.

**ഫാ. പാലത്തിങ്കൽ അബ്രഹാം :** റിലീവ്ഡ്, വികാരി, തിരുവിഴാംകുന്ന്.

**ഫാ. കോലംകണ്ണി ജസ്റ്റിൻ :** റിലീവ്ഡ്, വികാരി, അലനല്ലൂർ.

**ഫാ. മാവറയിൽ ഷിജോ :** വികാരി, സേക്രഡ് ഹാർട്ട് ചർച്ച്, തിരുവിഴാം കുന്ന് & സെന്റ് ജോസഫ് ചർച്ച്, അലനല്ലൂർ.

**ഫാ. ആലക്കക്കുന്നേൽ ജോസ് :** വികാരി, ഇൻഫന്റ് ജീസ്സസ് ചർച്ച്, ബാലേശ്വരം (അഡീഷണൽ).

**ഫാ. വടക്കേക്കര ടോം :** റിലീവ്ഡ്, ഡയറക്ടർ, ജീസ്സസ് യൂത്ത്.

**ഫാ. പള്ളിനീരാക്കൽ ജെയ്മോൻ :** ഡയറക്ടർ, ജീസ്സസ് യൂത്ത് ; ഡയറക്ടർ, ചെറുപുഷ്പാലയം ഓർഫനേജ് (അഡീഷണൽ).





## Names of priests who are to lead the adoration at Nithyaaraadhana Chapel, Palakkad.

| Date | Day | Name |
|---|---|---|
| 2-Apr-12 | MON | Rev. Fr. Alackakunnel Jose |
| 3-Apr-12 | TUE | Rev. Fr. Aloor John |
| 4-Apr-12 | WED | Rev. Fr. Angeveettil Jose |
| 10-Apr-12 | TUE | Rev. Fr. Anjilimoottil Cherian |
| 11-Apr-12 | WED | Rev. Fr. Aricatt C. Antu |
| 12-Apr-12 | THU | Rev. Fr. Arisseriyil Thomas |
| 13-Apr-12 | FRI | Rev. Fr. Chakkalakal Joshy |
| 14-Apr-12 | SAT | Rev. Fr. Chakkumpeedika Davis |
| 16-Apr-12 | MON | Rev. Fr. Cheniyara Jose |
| 17-Apr-12 | TUE | Rev. Fr. Cheekkapara Joy |
| 18-Apr-12 | WED | Rev. Msgr. Chittilapilly Joseph |
| 19-Apr-12 | THU | Rev. Fr. Chittilapally Jose P. |
| 20-Apr-12 | FRI | Rev. Fr. Chothirakottu Peter |
| 21-Apr-12 | SAT | Rev. Fr. Edathala George |
| 23-Apr-12 | MON | Rev. Fr. Emmatty Lino |
| 24-Apr-12 | TUE | Rev. Fr. Ettonnil Gilbert |
| 25-Apr-12 | WED | Rev. Fr. Ettumanookaran Martin |
| 26-Apr-12 | THU | Rev. Fr. Kaitharath Antony |
| 27-Apr-12 | FRI | Rev.Fr. Kalamattathil Arun |
| 28-Apr-12 | SAT | Rev. Fr. Kalampadan Martin |
| 30-Apr-12 | MON | Rev. Fr. Kalapurakkal Joseph |

**NB: The Rev. Fathers are to reach the Adoration Chapel on the previous day at 3.00 p.m and do the ministry till 3.00 p.m on the given day.**

# വിശ്വാസപരിശീലനവേദി

**കാറ്റികിസം വെബ്സൈറ്റ്**

പാലക്കാട് രൂപത വിശ്വാസപരിശീനവേദിയുടെ വെബ്സൈറ്റിൽ രൂപതയിലെ എല്ലാ മതാദ്ധ്യാപകരും മതബോധന വിദ്യാർത്ഥികളും തങ്ങളുടെ പേരുവിവരങ്ങൾ രജിസ്റ്റർ ചെയ്യേണ്ടതാണ്. ഇതിനായി എല്ലാ വികാരിയച്ചന്മാരും പ്രധാനാധ്യാപകരും തങ്ങൾക്ക് കിട്ടിയിരിക്കുന്ന യൂസർ നെയിമും പാസ്വേർഡും ഉപയോഗിച്ച് അതതു ഇടവകകളിലെ എല്ലാ മതാധ്യാപകരുടെയും മതബോധന വിദ്യാർത്ഥികളുടെയും പേര് **മാർച്ച് 31ന് മുമ്പ്** രജിസ്റ്റർ ചെയ്യാൻ ശ്രദ്ധിക്കുമല്ലോ. കൂടുതൽ വിവരങ്ങൾക്ക് താഴെ കൊടുത്തിരിക്കുന്ന നമ്പറുകളിൽ ബന്ധപ്പെടുക.

**ഫാ. ജോമിസ് കൊടകശ്ശേരി : 9447997959, ബ്ര. ഷൈജു : 8089515383, ഓഫീസ് : 0491 – 2510257**

**ഫോറോന കൗൺസിൽ : സ്ഥലവും തിയ്യതിയും**

| | |
|---|---|
| മാർച്ച് 10 ശനി. | **മേലാർക്കോട് ഫൊറോന** |
| | **3.00 pm to 5.pm നെന്മാറ പാരിഷ്ഹാൾ** |
| മാർച്ച് 17 ശനി | **താവളം ഫൊറോന** |
| | **9.30 am to 11.30 am ഫൊറോന പള്ളി** |
| | തത്തമംഗലം ഫൊറോന |
| | 2.pm to 4.00 pm ഫൊറോനപള്ളി |
| മാർച്ച് 24 ശനി | വടക്കഞ്ചേരി ഫൊറോന |
| | 2.pm to4.00pm ഫൊറോന പള്ളി |
| മാർച്ച് 31 ശനി | കാഞ്ഞിരപ്പുഴ ഫൊറോന |
| | 9.30 am to 11.30 am ഫൊറോന പള്ളി |
| | പൊന്നംകോട് ഫൊറോന |
| | 2.pm to 4.00pm ഫൊറോന പള്ളി |
| ഏപ്രിൽ 2 തിങ്കൾ | പാലക്കാട് ഫൊറോന |
| | 2.00pm to 4 pm പാസ്റ്ററൽ സെന്റർ |
| ഏപ്രിൽ 12 വ്യാഴം | **മംഗലംഡാം ഫൊറോന** |
| | **3.00 pm to 5.pm ഫൊറോന പാരിഷ്ഹാൾ** |





| | |
|---|---|
| ഏപ്രിൽ13 വെള്ളി | ഒറ്റപ്പാലം ഫൊറോന |
| | 2.00 pm tp 4 pm ഫൊറോന പള്ളി |
| ഏപ്രിൽ 14 ശനി | മണ്ണാർക്കാട് ഫൊറോന |
| | 9.30 am to 11.30 am ഫൊറോന പള്ളി |
| | **ഒലവക്കോട് ഫൊറോന** |
| | **2.30 pm to 4.30pm ഫൊറോന പള്ളി** |

**റീ. എക്സാമിനേഷൻ**

II HDC ക്ലാസ്സിലെ പരീക്ഷാ എഴുതാത്തവർക്കും തോറ്റവർക്കുമായി ഉള്ള റീ എക്സാമിനേഷൻ **മാർച്ച് 25–ാം തിയ്യതി ഞായറാഴ്ച** അതാതു സെന്ററുകളിൽ വെച്ച് നടക്കുന്നതായിരിക്കും മാർച്ച് 26–ാം തിയ്യതി തിങ്കളാഴ്ച തന്നെ ഉത്തരകടലാസുകൾ മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. II HDC ക്ലാസിലെ റീ എക്സാമിനേഷന്റെ ചോദ്യപേപ്പർ ആവശ്യമുള്ളവർ മാർച്ച് 4–ാം തിയ്യതിക്ക് മുൻപായി മതബോധന കേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്.

**വിഷൻ ക്യാമ്പിന്റെ നല്ലനടത്തിപ്പിനുവേണ്ടി പത്താംക്ലാസ്സിന്റെ റീ–എക്സാം മെയ് 6–ാം തിയ്യതിയിലേക്ക് മാറ്റി ക്രമീകരിച്ചിരിക്കുന്ന വിവരം അറിയിക്കുന്നു. മെയ് 7–ാം തിയ്യതി തിങ്കളാഴ്ച തന്നെ ഉത്തരകടലാസുകൾ മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. അതതു ഫൊറോനകളിലെ റിസൾട്ട് അതതു ഫൊറോനകളുടെ വിഷൻക്യാമ്പ് സമാപിക്കുമ്പോൾ നൽകുന്നതാണ്. റീ എക്സാമിനേഷന്റെ ചോദ്യപേപ്പർ ആവശ്യമുള്ളവർ ഏപ്രിൽ 28–ാം തിയ്യതിക്ക് മുൻപായി മതബോധന കേന്ദ്രത്തിൽ അറിയിക്കേണ്ടതാണ്.**

**X$^{th}$, 11 HDC റാങ്ക് ജേതാക്കൾ**

2011–2012 അദ്ധ്യായന വർഷത്തിലെ 10,12 ക്ലാസ്സുകളിലെ റാങ്ക് ജേതാക്കളുടെ പേര് താഴെ കൊടുക്കുന്നു.

**X$^{th}$**

| | | | |
|---|---|---|---|
| I Rank | സനുസാബു | കടമ്പൂർ | 69/70 |
| II Rank | ഫ്ളോജോ സണ്ണി | വടക്കഞ്ചേരി | 68/70 |
| III Rank | ജിൻസി കെ.ജെ. | ഇരുമ്പകച്ചോല | 67/70 |

**II HDC**

| | | | |
|---|---|---|---|
| I Rank | അഞ്ജിതജോസ് | മണ്ണാർക്കാട് | 78/80 |
| II Rank | സ്നേഹമോൾ സെബാസ്റ്റ്യൻ | കയറാടി | 77/80 |

III Rank നെൽസൺ വർഗ്ഗീസ് പൂഞ്ചോല 76/80

റാങ്ക് ജേതാക്കൾക്ക് വിശ്വാസപരിശീലനവേദിയുടെ അഭിനന്ദനങ്ങൾ.

**സ്കൊളാസ്റ്റിക് ടെസ്റ്റ്**

മതാദ്ധ്യാപകർക്കായുള്ള സ്കൊളാസ്റ്റിക് ടെസ്റ്റ് മാർച്ച് 4-ാം തിയ്യതി ഞായറാഴ്ച 10 am മുതൽ 12.30 pm വരെ അതാതു യൂണിറ്റുകളിൽ വച്ച് നടക്കുന്നതാണ്. എല്ലാ മതാദ്ധ്യാപകരും പരീക്ഷയിൽ പങ്കെടുക്കേണ്ടതാണ്.

**പഠനഭാഗം**

| | |
|---|---|
| ജനറൽ ക്വിസ് (പേജ് 173-215) | 50 മാർക്ക് |
| പരിശുദ്ധാരൂപി | 15 മാർക്ക് |
| പ്രേഷിത സഭ (പേജ് 1-44) | 25 മാർക്ക് |
| പൊതുവിജ്ഞാനം | 10 മാർക്ക് |
| **ആകെ** | **100 മാർക്ക്** |

ചോദ്യപേപ്പറിലെ എല്ലാ ചോദ്യങ്ങളും ബ്രാക്കറ്റിൽ നിന്ന് തെരഞ്ഞെടുത്ത് ഉത്തരം എഴുതേണ്ടതാണ്. ഉത്തരക്കടലാസിൽ പേര് എഴുതരുത്. പേരും ഇടവകയും ഒരു സ്ലിപ്പിൽ എഴുതി പിൻ ചെയ്യുക. ഉത്തരക്കടലാസിൽ ഇടവകയുടെ സീൽ വെയ്ക്കരുത്. ഉത്തരക്കടലാസ് മാർച്ച് 5-ാം തിയ്യതി തിങ്കളാഴ്ച മതബോധനകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**സ്കോളർഷിപ്പ് പരീക്ഷ**

IV,VII,X സൺഡേസ്കൂൾ ക്ലാസുകളിൽ നിന്ന് സ്കോളർഷിപ്പിന് തിരഞ്ഞെടുക്കപ്പെട്ടവരുടെ ലിസ്റ്റ് മതബോധനകേന്ദ്രത്തിൽ എത്തിക്കേണ്ട അവസാന ദിവസം മാർച്ച് 11-ാതിയ്യതി ഞായറാണ്. സ്കോളർഷിപ്പ് പരീക്ഷാ ഏപ്രിൽ 14-ാം തിയ്യതി ശനിയാഴ്ചായാണ്.

**പഠനഭാഗം : പാഠപുസ്തകം 70 മാർക്ക്, ബൈബിൾ : 20 മാർക്ക് (പുറപ്പാട് 16-20, മത്തായി 15-19 അദ്ധ്യായങ്ങൾ), പൊതുവിജ്ഞാനം : 10 മാർക്ക്.**

**ക്ലാസ്സ് IV പഠനഭാഗം : പാഠപുസ്തകം, നമസ്ക്കാരം 65 മാർക്ക്, പാഠപുസ്തകത്തിലെ ബൈബിൾ ഭാഗം - 25 മാർക്ക്, സഭാസംബന്ധമായ പൊതുവിജ്ഞാനം - 10 മാർക്ക്**

7, 10 ക്ലാസ്സുകളിലെ സ്കോളർഷിപ്പ് പരീക്ഷ നടത്തപ്പെടുന്നത് സീറോമലബാർ കാറ്റകെറ്റിക്കൽ കമ്മീഷന്റെ ചോദ്യപേപ്പർ അനുസരിച്ചായിരിക്കും.

ഉത്തരക്കടലാസുകൾ ഏപ്രിൽ 16ന് മതബോധനകേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്. (വിശദ വിവരങ്ങൾക്ക് കലണ്ടർ 44, 45 പേജുകൾ കാണുക).





**സ്കോളർഷിപ്പ് പരീക്ഷാകേന്ദ്രങ്ങൾ**

| | |
|---|---|
| കാഞ്ഞിരപ്പുഴ ഫൊറോന | ഫൊറോനപാരിഷ്ഹാൾ |
| മംഗലം ഡാം ഫൊറോന | ഫൊറോന പാരിഷ്ഹാൾ |
| മണ്ണാർക്കാട് ഫൊറോന | ഫൊറോന പാരിഷ്ഹാൾ |
| മേലാർക്കോട് ഫൊറോന | നെന്മാറ പാരിഷ്ഹാൾ |
| ഒലവക്കോട് ഫൊറോന | സെന്റ് തോമസ് സ്കൂൾ ഒലവക്കോട് |
| ഒറ്റപ്പാലം ഫൊറോന | ഫൊറോന പാരിഷ്ഹാൾ |
| പാലക്കാട് ഫൊറോന | കത്തിഡ്രൽ സ്കൂൾ |
| പൊന്നംകോട് ഫൊറോന | ഫൊറോന പാരിഷ്ഹാൾ |
| തത്തമംഗലം ഫൊറോന | ഫൊറോന പാരിഷ്ഹാൾ |
| താവളം ഫൊറോന | കൂക്കംപാളയം സ്കൂൾ |
| വടക്കഞ്ചേരി ഫൊറോന | ചെറുപുഷ്പം സ്കൂൾ |

**മൂല്യനിർണ്ണയം**

സ്കോളർഷിപ്പ് പരീക്ഷയുടെ മൂല്യനിർണ്ണയം ഏപ്രിൽ 29-ാംതിയ്യതി ഞായറാഴ്ച 10.00 am മുതൽ 4.00 pm വരെ പാസ്റ്ററൽ സെന്ററിൽ വെച്ച് നടക്കുന്നതാണ്. അറിയിപ്പ് ലഭിക്കുന്ന എല്ലാ അധ്യാപകരും മൂല്യനിർണ്ണയ ക്യാമ്പിൽ സംബന്ധിക്കേണ്ടതാണ് ടീച്ചേഴ്സ് പഠിപ്പിക്കുന്ന പുസ്തകവും കൂടെ കൊണ്ടുവരേണ്ടതാണ്.

**വിഷൻക്യാമ്പ്**

പത്താം ക്ലാസ്സിൽ ഈ വർഷം പരീക്ഷ എഴുതിയ കുട്ടികൾക്കായി രണ്ട് ദിവസത്തെ ജീവിതദർശന ക്യാമ്പ് മതബോധനകേന്ദ്രം സംഘടിപ്പിക്കുന്നു. പത്താം ക്ലാസ്സിൽ പരീക്ഷ എഴുതിയ എല്ലാ കുട്ടികളെയും ക്യാമ്പിൽ പങ്കെടുപ്പിക്കാൻ ബഹു. വികാരിയച്ചന്മാരും മതാദ്ധ്യാപകരും പരിശ്രമിക്കുമല്ലോ.

**സി.ബി.എസ്.ഇ. പരീക്ഷകൾ മാർച്ച് 26ന് അവസാനിക്കുന്നതിനാൽ വിഷൻ ക്യാമ്പിന്റെ തിയ്യതികൾ പുനഃക്രമീകരിച്ചിരിക്കുന്നത് ശ്രദ്ധിക്കുമല്ലോ.**

ക്യാമ്പുകൾ നടക്കുന്ന സ്ഥലവും തിയ്യതിയും

സ്ഥലം : **പാലക്കാട് പാസ്റ്ററൽ സെന്റർ**

| | | |
|---|---|---|
| **മാർച്ച്** | **28-29** | മംഗലംഡാം- തത്തമംഗലം ഫൊറോനകൾ |
| **മാർച്ച്** | **30-31** | വടക്കഞ്ചേരി ഫൊറോന |

| | | |
|---|---|---|
| **ഏപ്രിൽ** | **9–10** | കാഞ്ഞിരപ്പുഴ ഫൊറോന |
| **ഏപ്രിൽ** | **11–12** | മണ്ണാർക്കാട് ഫൊറോന |
| **ഏപ്രിൽ** | **13–14** | പൊന്നംകോട് ഫൊറോന |
| **ഏപ്രിൽ** | **16–17** | താവളം ഫൊറോന |
| **ഏപ്രിൽ** | **18–19** | പാലക്കാട് – മേലാർക്കോട് ഫൊറോനകൾ |
| **ഏപ്രിൽ** | **23–24** | ഒറ്റപ്പാലം ഫൊറോന |
| **ഏപ്രിൽ** | **25–26** | ഒലവക്കോട് ഫൊറോന |

ആദ്യദിവസം രാവിലെ 9.30ന് രജിസ്ട്രേഷനോടുകൂടി ആരംഭിച്ച് രണ്ടാം ദിവസം ഉച്ചകഴിഞ്ഞ് 4.00 മണിക്ക് ക്യാമ്പ് അവസാനിക്കുന്നു. ക്യാമ്പിൽ പങ്കെടുക്കുന്ന ഒരാൾക്ക് 125 രൂപയാണ് രജി. ഫീസ്.

**II HDC ക്ലാസ്സുകളിലെ സർട്ടിഫിക്കറ്റുകളും ഫോമുകളും**

**10, 12** ക്ലാസുകളിലെ സർട്ടിഫിക്കറ്റുകളും ഫോമുകളും ഇന്റേണൽമാർക്കും ഇനിയും മതബോധന കേന്ദ്രത്തിൽ എത്തിക്കാത്തവർ എത്രയും പെട്ടെന്ന് എത്തിക്കുവാൻ ശ്രദ്ധിക്കുമല്ലോ.

**യൂണിറ്റ് സന്ദർശനം**

യൂണിറ്റുകളിൽ വിശ്വാസപരിശീലനത്തിന് പ്രോത്സാഹനവും നിർദ്ദേശങ്ങളും നൽകുക എന്ന ലക്ഷ്യത്തോടെ കാരറ, ശാന്തിതടം, ബാലേശ്വരം, നീതിപുരം, ഓടംതോട്, കരിങ്കയം, മംഗലംഡാം എന്നീ യൂണിറ്റുകൾ സന്ദർശിക്കുകയും പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു.

**സ്കൂൾ കാറ്റിക്കിസം സന്മാർഗശാസ്ത്രം സ്കോളർഷിപ്പ്**

IV, VII, X, XII ക്ലാസുകളിൽ നിന്നും ഏറ്റവും കൂടുതൽ മാർക്കുള്ള(കുറഞ്ഞത് 70% മാർക്ക്) മൂന്ന് കുട്ടികൾക്ക് പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്. മാർച്ച് 5–ാം തിയ്യതിക്ക് മുൻപായി മതബോധന കേന്ദ്രത്തിൽ പേര് രജിസ്റ്റർചെയ്യേണ്ടതാണ്. സ്കോളർഷിപ്പ് പരിക്ഷാ ഏപ്രിൽ 2–ാം തിയ്യതി തിങ്കളാഴ്ച 10.00 മണി മുതൽ 12.00 മണി വരെ മേഖല സെന്ററുകളിൽ വെച്ച് നടത്തപ്പെടുന്നു. ഉത്തരക്കടലാസുകൾ ഏപ്രിൽ 3–ാം തിയ്യതി മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**പരീക്ഷാകേന്ദ്രങ്ങൾ**

| | |
|---|---|
| പാലക്കാട് മേഖല | കാണിക്കമാതാസ്കൂൾ |
| മണ്ണാർക്കാട് മേഖല | ഹോളിഫാമിലിസ്കൂൾ പൊന്നംകോട് |
| വടക്കഞ്ചേരി മേഖല | ചെറുപുഷ്പം സ്കൂൾ വടക്കഞ്ചേരി |
| താവളം മേഖല | സെന്റ് പീറ്റേഴ്സ് സ്കൂൾ കൂക്കംപാളയം |





**റെഗുലർ സ്കൂൾ പ്രവർത്തന റിപ്പോർട്ട്**

വിശ്വാസരൂപീകരണ കർമ്മപദ്ധതി അദ്ധ്യായന വർഷത്തിൽ പ്രാവർത്തികമാക്കിയതിന്റെ റിപ്പോർട്ട് മാർച്ച് 31 തിയ്യതി മതബോധന കേന്ദ്രത്തിൽ എത്തിക്കേണ്ടതാണ്.

**റെഗുലർസ്കൂൾ സ്കോളർഷിപ്പ് കേന്ദ്രീകൃത മൂല്യനിർണ്ണയം**

റെഗുലർ സ്കൂൾ സ്കോളർഷിപ്പ് പരീക്ഷയുടെ കേന്ദ്രീകൃതമൂല്യനിർണ്ണയം ഏപ്രിൽ 13–ാംതിയ്യതി വെള്ളിയാഴ്ച 10.00 am മുതൽ 4.00 pm വരെ പാസ്റ്ററൽ സെന്ററിൽ വെച്ച് നടക്കുന്നതാണ്. അറിയിപ്പ് ലഭിക്കുന്ന എല്ലാ അധ്യാപകരും മൂല്യനിർണ്ണയക്യാമ്പിൽ സംബന്ധിക്കേണ്ടതാണ് ടീച്ചേഴ്സ് പഠിപ്പിക്കുന്ന പുസ്തകവും കൂടെ കൊണ്ടുവരേണ്ടതാണ്.

## Youcat

കത്തോലിക്കാസഭയുടെ യുവജന മതബോധനഗ്രന്ഥം "Youcat' സാൻജോ ബുക്ക് സ്റ്റാളിൽ ലഭ്യമാണ്. ആനുകാലിക പ്രസക്തിയുള്ള വിഷയങ്ങൾ ഉൾപ്പെടുത്തി ചോദ്യോത്തര ശൈലിയിൽ ക്രമീകരിച്ചിരിക്കുന്ന ഈ പുസ്തകം ഏവർക്കും, പ്രത്യേകിച്ച് യുവജനങ്ങൾക്ക് ഏറെ പ്രയോജനകരമാണ്. **വില 200 രൂപ.**

**സ്റ്റാർസ്**

പാലക്കാട് രൂപതയുടെ വിദ്യാഭ്യാസ സംരഭമായ Sanjoe Training Academy for Resourceful Students- Stars ലേക്കുള്ള മൂന്നാംഘട്ട തെരഞ്ഞെടുപ്പ് പൂർത്തിയായിരിക്കുന്നു.

**2011–12 മതബോധന പിരിവ് തുടർച്ച**

| | | |
|---|---|---|
| 1. | ഹോളി ഫാമിലി സൺഡേസ്കൂൾ ചുള്ളിയാംകുളം | 250 |
| 2. | സെന്റ് ആന്റണീസ് സൺഡേസ്കൂൾ പൊമ്പ്ര | 500 |
| 3. | സെന്റ് ജോസഫ് സൺഡേസ്കൂൾ കാരാപ്പാടം | 500 |
| 4. | സെന്റ് ആന്റണീസ് സൺഡേസ്കൂൾ പൊന്നംകോട് | 500 |
| 5. | സെന്റ് ജോസഫ് സൺഡേ സ്കൂൾ പൊൻകണ്ടം | 500 |
| 6. | സെന്റ് തോമസ് സൺഡേസ്കൂൾ ഇളവംപാടം | 3000 |
| 7. | സെന്റ് സെബാസ്റ്റ്യൻ സൺഡേസ്കൂൾ അകമലവാരം | 200 |
| 8. | സെന്റ് ജോസഫ് സൺഡേസ്കൂൾ ആനക്കൽ | 200 |
| 9. | സെന്റ് ജോസഫ് സൺഡേ സ്കൂൾ ഒറ്റപ്പാലം | 500 |

| | | |
|---|---|---|
| 10. | സെന്റ് ഇഗ്നേഷ്യസ് സൺഡേസ്കൂൾ കൂനത്തറ | 500 |
| 11. | സെന്റ് മേരീസ് സൺഡേസ്കൂൾ പാലപ്പുറം | 300 |
| 12. | സെന്റ് പോൾസ് സൺഡേസ്കൂൾ പട്ടാമ്പി | 500 |
| 13. | സെന്റ് റാഫേൽസ് കത്തീഡ്രൽ പലക്കാട് | 2500 |
| 14. | ദിവ്യകാരുണ്യ ചർച്ച്, വാലുപറമ്പ് | 100 |
| 15. | ഹോളി ട്രിനിറ്റി സൺഡേസ്കൂൾ യാക്കര | 500 |
| 16. | സെന്റ് മേരീസ് സൺഡേസ്കൂൾ തത്തമംഗലം | 500 |
| 17. | സെന്റ് ജോസഫ് സൺഡേസ്കൂൾ കൊല്ലംകോട് | 500 |
| 18. | സെന്റ് ആന്റണീസ് സൺഡേസ്കൂൾ പരുത്തിക്കാട് | 250 |
| 19. | സെന്റ് തോമസ് സൺഡേസ്കൂൾ ചിറ്റൂർ | 500 |
| 20. | സെന്റ് ജോസഫ് സൺഡേസ്കൂൾ, കാരറ | 500 |
| 21. | ശാന്തിനാഥാ സൺഡേസ്കൂൾ ശാന്തിതടം | 100 |
| 22. | സെന്റ് ആന്റണീസ് സൺഡേ സ്കൂൾ ഷോളയൂർ | 250 |
| 23. | ഹോളിട്രിനിറ്റി സൺഡേസ്കൂൾ ത്രിത്വമല | 300 |
| 24. | സെന്റ് ജോസഫ് സൺഡേ സ്കൂൾ കണ്ണമ്പ്ര | 300 |
| 25. | ശാന്തിനാഥാ സൺഡേസ്കൂൾ പഴമ്പാലക്കോട് | 250 |
| 26. | സെന്റ് സെബാസ്റ്റ്യൻ സൺഡേസ്കൂൾ ഇരുമ്പകചോല | 1500 |

**ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ, വിശ്വാസപരിശീലനവേദി




# ബൈബിൾ അപ്പോസ്തലേറ്റ്

**ലോഗോസ് ക്വിസ് 2012**

വരുന്ന വർഷത്തെ രൂപതാതല ലോഗോസ് ക്വിസ് സെപ്തംബർ 30-നും സംസ്ഥാനതല ലോഗോസ് ക്വിസ് നവംബർ 25-നും ആയിരിക്കും.

**പഠനഭാഗം**
പുറപ്പാട് 25-40, മർക്കോസ് 1-16, പത്രോസ് എഴുതിയ രണ്ടാം ലേഖനം

**റവ. ഫാ. ജോമിസ് കൊടകശ്ശേരിൽ**
ഡയറക്ടർ ബൈബിൾ അപ്പോസ്തലേറ്റ്







# തിരുബാലസഖ്യം

**രൂപതാ കലോത്സവം സമാപിച്ചു**

തിരുബാലസഖ്യം രൂപതാ കലോത്സവം 2012 ഫെബ്രുവരി 11 ശനിയാഴ്ച രാവിലെ 9.30 ന് ചേർന്ന സമ്മേളനത്തിൽ വച്ച് രൂപതാ മതബോധന ഡയറക്ടർ ഫാ. ജോമിസ് കൊടകശ്ശേരി ഉത്ഘാടനം ചെയ്തു. രൂപതയിലെ 11 ഫൊറോനകളിൽ നിന്ന് വന്ന കുട്ടികൾ മാറ്റുരച്ച മത്സരത്തിൽ വിജയികളായവർക്ക് മുൻ കാറ്റിക്കിസം ഡയറക്ടറും ഇപ്പോഴത്തെ കത്തീഡ്രൽ വികാരിയുമായ ഫാ. മാത്യു വാഴയിൽ ആശംസകൾ നേരുകയും സമ്മാനങ്ങൾ നല്കുകയും ചെയ്തു. തിരുബാലസഖ്യം രൂപത ആനിമേറ്റർ സി. സ്റ്റെഫി, ഫൊറോന ഡയറക്ടേഴ്സ് & ആനിമേറ്റേഴ്സ് എന്നിവർ നേതൃത്വം നൽകി. പങ്കെടുത്ത എല്ലാ കുട്ടികൾക്കും അഭിനന്ദനങ്ങൾ നേരുന്നു.

**തിരുബാലസഖ്യം കലോത്സവം 2011-12 വിജയികൾ**

**ലളിതഗാനം ജൂനിയർ**

| Prize | പേര് | പാരിഷ് |
|---|---|---|
| First | ജിയ ജോസ് | കരിമ്പ |
| Second | സാന്ദ്ര ജോസ് ബിജേഷ് | ഷൊർണ്ണൂർ |
| Third | ജോബിന ജോസ്. | ഉണ്ണിമല |

**ആക്ഷൻ സോംഗ് ജൂനിയർ**

| Prize | പേര് | പാരിഷ് |
|---|---|---|
| First | നീതു ക്രിസ്തുദാസ് & ടീം. | ജെല്ലിപ്പാറ |
| Second | ക്രിസ റോസ് പ്രിൻസ് & ടീം | കത്തീഡ്രൽ |
| Third | ലിസ ജോസ് & ടീം | മണ്ണാർക്കാട് |

**ബൈബിൾ കഥപറയൽ ജൂനിയർ**

| Prize | പേര് | പാരിഷ് |
|---|---|---|
| First | എമിൽ സാം തോമസ് | കണ്ണമ്പ്ര |
| Second | ആൻ വിൻസന്റ് | ജെല്ലിപ്പാറ |
| Third | സാവിയോ ലൂക്കോസ് | വടക്കഞ്ചേരി |

**പ്രസംഗം ജൂനിയർ**

| | | |
|---|---|---|
| First | സാന്ദ്ര റോസ് ബിജേഷ് | ഷൊർണ്ണൂർ |

| | | |
|---|---|---|
| Second | എബിറ്റ് | പൊന്നങ്കോട് |
| Third | ടിയോണ ജോബി | പാലപ്പുറം |

**പെൻസിൽ ഡ്രോയിംഗ് ജൂനിയർ**

| **Prize** | **പേര്** | **പാരിഷ്** |
|---|---|---|
| First | ജിത്തു ആർ | പാലപ്പുറം |
| Second | ജുബിൻ ജിജു | വടക്കഞ്ചേരി |
| Third | റോണി ജോസഫ് | കടമ്പൂർ |

**ലളിതഗാനം സീനിയേഴ്സ്**

| **Prize** | **പേര്** | **പാരിഷ്** |
|---|---|---|
| First | റിമി ടോമി | ഒലിപ്പാറ |
| Second | ഡെൽഫിൻ ജോർജ്ജ് | ഒലവക്കോട് |
| Third | മേരി ആൻ | പാലക്കാട് ടൗൺ |

**ആക്ഷൻ സോംഗ് സീനിയേഴ്സ്**

| **Prize** | **പേര്** | **പാരിഷ്** |
|---|---|---|
| First | ജസ്‌ലിൻ ജോർജ്ജ് & ടീം | കത്തീഡ്രൽ |
| Second | അലീന & ടീം | ജെല്ലിപ്പാറ |
| Third | ആൻസ് മാത്യു & ടീം | മണ്ണാർക്കാട് |

**ഗ്രൂപ്പ് സോംഗ് സീനിയേഴ്സ്**

| **Prize** | **പേര്** | **പാരിഷ്** |
|---|---|---|
| First | ജെസ്ന ജോസ് & ടീം | ജെല്ലിപ്പാറ |
| Second | നീനു സാബു & ടീം | ഇരുമ്പകച്ചോല |
| Third | റിയോണ ജോസ് & ടീം | പൊന്നംകോട് |

**ബൈബിൾ പാരായണം സീനിയേഴ്സ്**

| **Prize** | **പേര്** | **പാരിഷ്** |
|---|---|---|
| First | ജിതിൻ ഫ്രാൻസിസ് | അഗളി |
| Second | സാന്ദ്ര ട്രീസ | കല്ലടിക്കോട് |
| Third | അഞ്ജു തോമസ് | ഒലിപ്പാറ |





**കഥാപ്രസംഗം സീനിയേഴ്സ്**

| **Prize** | **പേര്** | **പാരിഷ്** |
|---|---|---|
| First | ഗിഫ്റ്റി പൗലോസ് | ത്രിത്വമല |
| Second | എയ്ഞ്ചല മരിയസണ്ണി | പൊന്നംകോട് |
| Third | തെരേസ് തോമസ് | ചീനിക്കപ്പാറ |

**ബൈബിൾ വാക്യങ്ങൾ എഴുതൽ സീനിയേഴ്സ്**

| **Prize** | **പേര്** | **പാരിഷ്** |
|---|---|---|
| First | സച്ചിത സജി | പാലക്കയം |
| Second | എബിൻ ബിജോയ് | കത്തീഡ്രൽ |
| Third | റിയ സൽമാൻ | വടക്കഞ്ചേരി |

**പെൻസിൽ ഡ്രോയിംഗ് സീനിയേഴ്സ്**

| **Prize** | **പേര്** | **പാരിഷ്** |
|---|---|---|
| First | ഡെൽഫിൻ. പി. ജോർജ് | ഒലവക്കോട് |
| Second | അലീന അന്ന | കൊഴിഞ്ഞാമ്പാറ |
| Third | റിയ ബെൻ | ചന്ദ്രനഗർ |

**പ്രസംഗം സീനിയേഴ്സ്**

| **Prize** | **പേര്** | **പാരിഷ്** |
|---|---|---|
| First | എയിഞ്ചല മറിയസണ്ണി | പൊന്നകോട് |
| Second | അഞ്ജു ജോസ് | ഒലിപ്പാറ |
| Third | എയ്ഞ്ചൽ പി.സി | ജെല്ലിപ്പാറ |

**ക്വിസ് സീനിയേഴ്സ്**

| **Prize** | **പേര്** | **പാരിഷ്** |
|---|---|---|
| First | ഷാൽവിൻ ജോസ് & ഫെബിൻ വിൽസൻ | പട്ടാമ്പി |
| Second | അനീന ജോർജ് & നീനു കെ.വി | താവളം |
| Third | അതുൽ സെബാസ്റ്റ്യൻ & ജോഷി ജോസ് | പൊന്നംകോട് |

**കൂടുതൽ പോയിന്റ് കിട്ടിയ ഫൊറോന (ജൂനിയർ)**

| | |
|---|---|
| ഒറ്റപ്പാലം | First |
| താവളം | Second |

| | |
|---|---|
| വടക്കഞ്ചേരി | Third |

**കൂടുതൽ പോയിന്റ് കിട്ടിയ ഫൊറോന (സീനിയേഴ്സ്)**

| | |
|---|---|
| താവളം | First |
| പൊന്നംകോട് | Second |
| പാലക്കാട് | Third |

**കൂടുതൽ പോയിന്റ് കിട്ടിയ ഇടവക (ജൂനിയർ)**

| | |
|---|---|
| ജെല്ലിപ്പാറ | First |

**കൂടുതൽ പോയിന്റ് കിട്ടിയ ഇടവക (സീനിയർ)**

| | |
|---|---|
| പൊന്നംകോട് | First |
| ജെല്ലിപ്പാറ | |

**Album Competition**

| Parish | Forane | Prize |
|---|---|---|
| ഹോളി ട്രിനിറ്റി ചർച്ച്, താവളം | താവളം | First |
| സെന്റ് റാഫേൽസ് കത്തീഡ്രൽ | പാലക്കാട് | Second |
| സെന്റ് തോമസ് ചർച്ച്, ചീനിക്കപ്പാറ | കാഞ്ഞിരപ്പുഴ | Third |

**നന്ദി**

രൂപതാ കലോത്സവത്തിന്റെ ഒരുക്കങ്ങൾക്കായി സഹായിച്ച എല്ലാ സിസ്റ്റേഴ്സിനും ജഡ്ജസിനും മറ്റെല്ലാവർക്കും ഒത്തിരി നന്ദി. കുഞ്ഞുങ്ങളെ ഒരുക്കിയ എല്ലാ ആനിമേറ്റേഴ്സിനും മാതാപിതാക്കൾക്കും പ്രത്യേകിച്ച് വികാരിയച്ചന്മാർക്കും പ്രത്യേകം നന്ദി

**തിരുബാലസഖ്യദിന കളക്ഷൻ**

തിരുബാലസഖ്യദിനത്തോടനുബന്ധിച്ച് ഇടവകയിൽ അന്നേദിനം നടത്തിയ കളക്ഷൻ രൂപതയിൽ എത്രയും വേഗം ഏല്പിക്കുമല്ലോ. പാസ്റ്ററൽ സെന്ററിലെ കാറ്റിക്കിസം ഓഫീസിൽ പണം നല്കി രസീത് കൈപ്പറ്റാവുന്നതാണ്.

**വിജയാശംസകൾ**

കുട്ടികൾക്ക് പരീക്ഷക്കാലമാണല്ലോ. എല്ലാ വിജയാശംസയും ദൈവാനുഗ്രഹവും നേരുന്നു.

**ഫാ. ജോമി തേക്കുംകാട്ടിൽ**
ഡയറക്ടർ, തിരുബാലസഖ്യം





# കെ. സി. വൈ. എം

**സ്പെഷ്യൽ സെനറ്റ്**

നവസുവിശേഷവത്കരണം നവയുഗസൃഷ്ടിക്ക് എന്ന പ്രവർത്തനവിഷയത്തിലൂന്നി പ്രവർത്തന പാന്ഥാവിലേക്കിറങ്ങുന്ന പാലക്കാട് രൂപതസമിതിയുടെ പ്രവർത്തനവർഷ ഉദ്ഘാടനവും കർമ്മപദ്ധതി പ്രകാശനവും മാർച്ച് 3-ാം തിയതി രൂപതാ പാസ്റ്ററൽ സെന്ററിൽ രാവിലെ 9 മണിക്ക് ആരംഭിക്കുന്നു. 10 മണിക്ക് നവസുവിശേഷവത്കരണമെന്ന വിഷയത്തെ ആസ്പദമാക്കി മുൻ സംസ്ഥാനപ്രസിഡന്റ് ശ്രീ. സണ്ണി കടുത്താഴെ ക്ലാസ്സ് നയിക്കും. തുടർന്ന് അഭിവന്ദ്യ മാർ ജേക്കബ് മനത്തോടത്ത് പിതാവ് കർമ്മപദ്ധതി പ്രകാശനം നിർവ്വഹിക്കുന്നു. ഓരോ യൂണിറ്റുകളിലേയും ഫൊറോനകളിലേയും 5 ഭാരവാഹികളും, ആനിമേറ്റേഴ്സുമാണ് സെനറ്റിൽ പങ്കെടുക്കേണ്ടത്. ഓരോ യൂണിറ്റിനും രജിസ്ട്രേഷൻ ഫീ 150 രൂപ.

**ആനിമേറ്റേഴ്സ് മീറ്റ്**

സംസ്ഥാന ആനിമേറ്റേഴ്സ് മീറ്റ് 3, 4 തിയ്യതികളിൽ എറണാകുളം കലൂർ റിന്യൂവൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നു. യൂണിറ്റ് ഫൊറോന ആനിമേറ്റേഴ്സ് പങ്കെടുക്കുമല്ലോ.

**Yeast (Youth Empowerment And Spritual Training Programme)**

കെ.സി.വൈ.എം പ്രസ്ഥാനത്തിന്റെയും സഭയുടെയും വളർച്ചയെക്കുറിച്ച് യുവജനങ്ങളെ ബോധവാന്മാരാക്കുന്നതിനുവേണ്ടി രൂപത സമിതി ഒരുക്കുന്ന പഠനപരിശീലനകളരി 27ന് ഉദ്ഘാടനം ചെയ്യുന്നു. എല്ലാ മാസാവസാന വെള്ളിയാഴ്ചകളിൽ 6 മണിക്കുതുടങ്ങി വെകുന്നേരം 4 മണിക്ക് അവസാനിക്കുന്നു. യൂണിറ്റുകളിൽ താല്പര്യമുള്ള യുവതീയുവാക്കൾ രൂപത ഓഫീസിൽ രജിസ്റ്റർ ചെയ്യണ്ടതാണ്. ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 പേർക്ക് മാത്രമെ പ്രവേശനം ലഭിക്കുകയുള്ളൂ. ഇതിനാവശ്യമായ ക്രമീകരണങ്ങൾ വികാരിയച്ചൻമാർ ചെയ്യുമല്ലോ.

**ഫാ. ടോം ജി. വടക്കേക്കര**
ഡയറക്ടർ, കെ.സി.വൈ.എം.



## സെമിനാരി വാർത്തകൾ

രൂപതയിലെ ദൈവവിളി ധ്യാനം മാർച്ച് 27 ചൊവ്വാഴ്ച രാവിലെ 10 മണിമുതൽ മാർച്ച് 30 വെള്ളിയാഴ്ച രാവിലെ 10 മണിവരെ കല്ലേപ്പുള്ളി മൈനർ സെമിനാരിയിൽ വച്ച് നടത്തുന്നതാണ്. ഈ വർഷം പത്താംക്ലാസ്സ്, +2 എഴുതിയിരിക്കുന്നവർക്കും മുൻപ് പാസ്സായവർക്കും ഇതിൽ പങ്കെടുക്കാവുന്നതാണ്. പങ്കെടുക്കാൻ ആഗ്രഹിക്കുന്ന കുട്ടികളുടെ പേരുവിവരം ബഹു. വികാരിയച്ചന്മാർ മാർച്ച് 15 ന് മുമ്പായി മൈനർ സെമിനാരിയിൽ അറിയിക്കുമല്ലോ.

**സമ്മർ കാറ്റിക്കിസം**

ഇടവകകളിൽ ഇന്റൻസീവ് കാറ്റിക്കിസത്തിനായി നമ്മുടെ വൈദിക വിദ്യാർത്ഥികളെ ആവശ്യമുള്ളവർ മാർച്ച് 15ന് മുമ്പായി ക്ലാസ്സും തിയ്യതിയും ബ്രദേഴ്സിന്റെ എണ്ണവും മൈനർ സെമിനാരി റെക്ടറെ അറിയിക്കേണ്ടതാണ്. ബ്രദേഴ്സിന്റെ ലഭ്യത അനുസരിച്ച് ആവശ്യമായ ക്രമീകരണങ്ങൾ നടത്തുന്നതാണ്. ഏപ്രിൽ 3ന് ഈസ്റ്റർ കഴിഞ്ഞു വരുന്ന ആഴ്ചയിലാണ് ക്ലാസ്സുകൾ ആരംഭിക്കുന്നത്.

**ചെറുപട്ടങ്ങളും, വൈദികവസ്ത്ര സ്വീകരണവും**

മാർച്ച് 31 ന് രാവിലെ 7 മണിക്ക് കല്ലേപ്പുള്ളി മൈനർ സെമിനാരിയിൽ വച്ച് മ്ശംശാന, ഹെവ്പ്പദിയാക്ന, കാറോയ പട്ടങ്ങളും വൈദികവസ്ത്ര സ്വീകരണവും നടത്തപ്പെടുന്നു. പ്രത്യേകം പ്രാർത്ഥിക്കുമല്ലോ.

**ഫാ. പീറ്റർ കൊച്ചുപുരയ്ക്കൽ**
റെക്ടർ, സെന്റ് മേരീസ് മൈനർ സെമിനാരി കല്ലേപ്പുള്ളി



## മാതൃസംഘം

**ജനറൽബോഡി മീറ്റിംഗും കർമ്മപദ്ധതി പ്രകാശനവും**

രൂപതാ ജനറൽബോഡി മീറ്റിംഗും കർമ്മപദ്ധതി പ്രകാശനവും 2012 മാർച്ച് 11ന് പാസ്റ്ററൽ സെന്ററിൽ നടത്തുന്നതാണ്.

**മാതൃസംഘം രൂപതാതല അഫിലിയേഷൻ**

2012 പ്രവർത്തന വർഷത്തിലേക്കുള്ള യൂണിറ്റ് അഫിലിയേഷൻ രൂപതാതലത്തിൽ നടത്താനുള്ള അവസാന തിയ്യതി 2012 മാർച്ച് 11 ആയിരിക്കും. അഫിലിയേഷൻ ഫോമും തുകയും ഏല്പ്പിക്കണം. അഫിലിയേഷൻ





ഫോമിന്റെ ഒറിജിനൽ രൂപതയിലും കോപ്പി ഫൊറോനയിലും അതിന്റെ മറ്റൊരു കോപ്പി യൂണിറ്റിലും സൂക്ഷിക്കണം. യൂണിറ്റിലെ എല്ലാ അമ്മമാരേയും ചേർക്കുക. പിന്നീട് അംഗങ്ങളെ ചേർക്കുന്നതല്ല. ഫീസ് 75 രൂപ.

**വിദേശനിർമ്മിത ഡിന്നർസെറ്റ് കരസ്ഥമാക്കുവാൻ സുവർണ്ണാവസരം**

1750 രൂപയുടെ ഡിന്നർസെറ്റ് 1500 രൂപക്ക് ലഭിക്കുന്നു. ജനറൽബോഡി മീറ്റിംഗ് ദിവസം ഡിന്നർസെറ്റ് ലഭ്യമാകുന്നതാണ്.

**ഫാ. ജോർജ്ജ് പെരുമ്പിള്ളിൽ**
ഡയറക്ടർ, മാതൃസംഘം



## ഫാമിലി അപ്പോസ്റ്റലേറ്റ്

**പ്രീകാനാ കോഴ്സ്**

**2012 ഏപ്രിൽ : 9,10,11,12, 2012 മെയ്: 7, 8, 9, 10**

**ഫാ. ജോർജ്ജ് തുരുത്തിപ്പള്ളി**
ഡയറക്ടർ, ഫാമിലി അപ്പോസ്റ്റലേറ്റ്.



## നവീകരണ മുന്നേറ്റം

**Zume 2012**

പാലക്കാട് സോണൽ സർവ്വീസ് ടീമിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്ന ഒരു വർഷത്തെ ലീഡേഴ്സ് ട്രെയിനിംങ്ങ് പ്രോഗ്രാം- Zume (പുളിമാവ് എന്നർത്ഥം) പാലക്കാട് പാസ്റ്ററൽ സെന്ററിൽവെച്ച് നടത്തപ്പെട്ടു. മാസത്തിലെ മൂന്നാം വെള്ളി, ശനി ദിവസങ്ങളിലാണ് ഈ പ്രോഗ്രാം നടത്തുന്നത്. ആദ്യത്തെ ക്ലാസ്സ് ജനുവരി 2012 ൽ ആരംഭിച്ചു. ഫെബ്രുവരിയിലെ ക്ലാസ്സ് 17,18, ദിവസത്തിൽ നടന്നു. ആദ്യ ദിവസം ബഹുമാനപ്പെട്ട ജെയ്മോൻ പള്ളിനീരാക്കലച്ചൻ ക്രിസ്തുവിജ്ഞാനീയത്തെക്കുറിച്ച് ക്ലാസ്സുകൾ നയിച്ചു.

പ്രോഗ്രാമിന്റെ രണ്ടാം ദിനത്തിൽ അഭിവന്ദ്യ മാർ ജേക്കബ് മനത്തോടത്ത് പിതാവ് സന്ദേശം നൽകി. ക്രൈസ്തവന്റെ വിളിയും ദൗത്യവും തിരിച്ചറിഞ്ഞ് അവയ്ക്ക് പ്രത്യുത്തരം നൽകാനും അഭിവന്ദ്യപിതാവ് ആഹ്വാനം ചെയ്തു.

ദൈവരാജ്യത്തിന്റെ പുളിമാവും ക്രിസ്തുവിന്റെ പരിമളവുമായി ഓരോരുത്തരം മാറണമെന്നും പിതാവ് പറഞ്ഞു. ബനഡിക്റ്റ് 16-ാ മൻ മാർപാപ്പയുടെ വാക്കുകൾ ഉദ്ധരിച്ച് സുവിശേഷത്തിലെ ക്രിസ്തുവിനെ അറിയുന്നതിനെക്കാളും ആത്മാർത്ഥ സുഹൃത്തായ ക്രിസ്തുവിനെ മറ്റുള്ളവർക്ക് പങ്കുവയ്ക്കുന്നതിനേക്കാളും മഹത്തരമായി മറ്റൊന്നും ഇല്ല എന്ന് പിതാവ് തുടർന്ന് പറഞ്ഞു.

തുടർന്ന്, ശ്രീ തോമസ് കുര്യൻ (കോട്ടയം) ക്ലാസ്സുകൾ നയിച്ചു. സോണൽ ഡയറക്ടർ റവ. ഫാ. റെനി പുല്ലുകാലായിൽ പ്രോഗ്രാം കോർഡിനേറ്റർ ഉമ്മൻ മാത്യു എന്നിവർ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. പാലക്കാട്, രാമനാഥപുരം രൂപതകളിലെ വിവിധ ഇടവകകളിൽ നിന്നായി 6 ദമ്പതികളടക്കം 60 പേരാണ് സ്ഥിരം ക്ലാസ്സ് അംഗങ്ങൾ. അടുത്ത ക്ലാസ്സ് മാർച്ച് 16, 17 തിയ്യതികളിൽ നടത്തുന്നു.

**മദ്ധ്യസ്ഥപ്രാർത്ഥന**

രൂപതയിലെ വൈദികരും, സിസ്റ്റേഴ്സുമടക്കം 500 കുടുംബങ്ങൾ സോണിലെ വിവിധ ശുശ്രൂഷകൾക്കായി പ്രത്യേകിച്ച് zume പ്രോഗ്രാമിന് വേണ്ടി പ്രാർത്ഥിക്കുന്നു. എല്ലാവർക്കും പ്രത്യേകം നന്ദി പറയുന്നു. തുടർന്നും നിങ്ങളുടെ പ്രാർത്ഥനകൾ ഉണ്ടാകട്ടെ എന്ന് അഭ്യർത്ഥിക്കുന്നു.

**ജാഗരണ പ്രാർത്ഥന**

ഈ മാസത്തെ ജാഗരണ പ്രാർത്ഥന മാർച്ച് 30 ന് കത്തീഡ്രലിൽ വെച്ച് രാത്രി 7.30 മുതൽ പിറ്റേന്ന് രാവിലെ 5 മണിവരെ നടത്തപ്പെടുന്നു.

**ഫാ. റെനി പുല്ലുകാലായിൽ**
ഡയറക്ടർ, നവീകരണമുന്നേറ്റം

## സി. എൽ. സി

**സ്വാഗതവും യാത്രയയപ്പും**

പാലക്കാട് രൂപതയുടെ സി.എൽ.സി ഡയറക്ടർ സ്ഥാനം ഇനിമുതൽ ബഹുമാനപ്പെട്ട ഫാ. മാർട്ടിൻ കളമ്പാടനച്ചനാണെന്ന വിവരം സസന്തോഷം അറിയിക്കട്ടെ. ഇത്രയുംനാൾ നമ്മോടൊത്തായിരിക്കുകയും നമ്മെ നയിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്ത ബഹു. ബിജു പ്ലാത്തോട്ടത്തിലച്ചന് എല്ലാവിധ അഭിനന്ദനങ്ങളും സ്നേഹോഷ്മളമായ നന്ദിയും അറിയിക്കുന്നു. ഈ വരുന്ന മാർച്ച് 24 ശനിയാഴ്ച മുൻ ഡയറക്ടർ ബിജു പ്ലാത്തോട്ടത്തിലച്ചന് യാത്രയയപ്പും പുതിയ ഡയറക്ടർ ബഹു. മാർട്ടിൻ കളമ്പാടനച്ചന് സ്വീകരണവും നൽകാൻ നിശ്ചയിച്ചിരിക്കുന്നു. എല്ലാ സി. എൽ.സി രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങളും യൂണിറ്റ് ആനിമേറ്റർമാരും





രൂപതാ പാസ്റ്ററൽ സെന്ററിൽ രാവിലെ 10 മണിക്ക് എത്തിച്ചേരണമെന്ന് അഭ്യർത്ഥിക്കുന്നു. അന്നേദിവസം വാർഷിക സെനറ്റ് കൂടുന്നതായിരിക്കും.

**മാർ ഇരുമ്പൻ മെമ്മോറിയൽ എവർറോളിങ് ട്രോഫി പ്രസംഗമത്സരം**

ജനുവരി 26-ാം തിയതി രൂപതയിൽ നടത്തപ്പെട്ട മാർ ഇരുമ്പൻ മെമ്മോറിയൽ എവർറോളിങ് ട്രോഫി പ്രസംഗമത്സരങ്ങളിൽ വിജയികളായവർക്ക് അഭിനന്ദനങ്ങൾ അറിയിക്കുന്നു.

| | | |
|---|---|---|
| സീനിയർ വിഭാഗം | Ist | Anu Anto<br>St.Thomas Church, Elavampadam |
| | II nd | Steena Das<br>St Mary's Forane Church, Tattamangalam |
| | IIIrd | Geethu Kuruvila<br>St.Thomas Church, Koduvayur |
| ജൂനിയർ വിഭാഗം | Ist | Jibin Pious<br>Christ King Church, Nemmara |
| | IInd | Linta Mathew<br>St. Antony's Church, Melarcode |
| | IIIrd | Sebastian Alex<br>St Mary's Church, Maria Nagar Chittady |

**മാർച്ച് 25 - സി.എൽ.സി. ദിനം**

മാർച്ച് 25 മംഗളവാർത്താതിരുന്നാളാണ്. സി.എൽ.സി. ദിനംകൂടിയായ അന്നേദിവസം എല്ലാ സി.എൽ.സി അംഗങ്ങളും കുമ്പസാരിച്ച് വി. കുർബാന സ്വീകരിക്കേണ്ടതാണ്. ആ ദിനം യൂണിറ്റുകളിൽ ആഘോഷിക്കാൻ ശ്രദ്ധിക്കുമല്ലോ

**ഫാ. ബിജു പ്ലാത്തോട്ടത്തിൽ**
ഡയറക്ടർ, സി.എൽ.സി.



## സെഹിയോൻ ധ്യാനകേന്ദ്രം

**ധ്യാനങ്ങൾ**

| **മാസം** | **തീയതി** | **ധ്യാനം നയിക്കുന്നത്** |
|---|---|---|
| മാർച്ച് | 4-9 | വൈദികരുടെ ധ്യാനം.<br>ഫാ. സേവ്യർ ഖാൻ വട്ടായിൽ |
| മാർച്ച് | 11-16 | ആന്തരികസൗഖ്യ വളർച്ചാധ്യാനം.<br>ഫാ. ബിനോയ് കരിമരുതിങ്കൽ |
| മാർച്ച് | 18-23 | ആന്തരികസൗഖ്യ വളർച്ചാധ്യാനം.<br>ഫാ. ബിനോയ് കരിമരുതിങ്കൽ |

മാർച്ച് 28–30 ആന്തരികസൗഖ്യ വളർച്ചാധ്യാനം.
ഫാ. ബിനോയ് കരിമരുതിങ്കൽ

50 രൂപ അടച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യുന്നവർക്ക് മാത്രം പ്രവേശനം. രജിസ്റ്റർ ചെയ്യാതെ വരുന്നവരെ ധ്യാനത്തിൽ പ്രവേശിപ്പിക്കുന്നതല്ല. ധ്യാനങ്ങൾ ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00 മണിക്ക് ആരംഭിച്ച് വെള്ളിയാഴ്ച രാവിലെ 8.30 ന് അവസാനിക്കുന്നതാണ്. രജിസ്ട്രേഷൻ സംബന്ധമായ കാര്യങ്ങൾക്ക് ധ്യാനകേന്ദ്രം ഓഫീസുമായി ബന്ധപ്പെടുക.

സമയം : രാവിലെ 9.00 മണിമുതൽ വൈകുന്നേരം 5.00 മണിവരെ.

ഫോൺ : 04924 – 327710

**സെഹിയോൻ ബ്ലോഗ് സന്ദർശിക്കുക**

sehionretratcentre.blogspot.com, sehiontelevision.blogspot.com

Sehion Website : www.sehion.org, www.sehionpriests.org

**സെഹിയോൻ കൺവെൻഷൻസ്**

മാർച്ച് 18 പാലക്കാട് ഏകദിന ബൈബിൾ കൺവെൻഷൻ മുൻസിപ്പൽ ടൗൺഹാളിൽ രാവിലെ 9.30 മുതൽ വൈകുന്നേരം 4.00 വരെ.

**സെഹിയോൻ വെബ് ലൈവ്**

സെഹിയോൻ ധ്യാനം കേന്ദ്രം വെബ്ബിലൂടെ ശുശ്രൂഷകൾ ആരംഭിച്ചിരിക്കുന്നു. എല്ലാ ആദ്യ ശനിയാഴ്ചയും ഉച്ചകഴിഞ്ഞ് 2 മണിമുതൽ വൈകിട്ട് 5 മണിവരെ ശുശ്രൂഷകൾ നടത്തപ്പെടുന്നു. addres www sehion.org/ web TV

**ഫാ. സേവ്യർഖാൻ വട്ടായിൽ.**

ഡയറക്ടർ, സെഹിയോൻ ധ്യാനകേന്ദ്രം.

# പി. എസ്. എസ്. പി.

## നമ്മുടെ ആവശ്യങ്ങളെ അന്യന്റെ അത്യാവശ്യങ്ങൾക്കായി ബലിയാക്കാം

ആരാധനാക്രമ വത്സരത്തിൽ നാം പ്രവേശിച്ചിരിക്കുന്ന ആത്മ വിശുദ്ധീകരണത്തിന്റെ നോമ്പുകാലം സഭയുടെ ശുശ്രൂഷാ ദൗത്യത്തിൽ പങ്കുചേരാനും സാക്ഷ്യം വഹിക്കാനും ലഭിച്ചിരിക്കുന്ന സുവർണ്ണാവസ രമാണ്. നോമ്പിന്റെ ചൈതന്യം ഉൾക്കൊള്ളാൻ നമ്മെ പഠിപ്പിക്കുന്ന പ്രധാന ഉറവിടങ്ങൾ വി.ഗ്രന്ഥവും, ആദിമ ക്രൈസ്തവ സമൂഹത്തിന്റെ ജീവിത ശൈലിയുമാണ്. കർത്താവിന് പ്രീതികരമായ നോമ്പ് വിശക്കുന്നവനുമായി ആഹാരം





പങ്കുവയ്ക്കുന്നതും ഭവനരഹിതനെ വീട്ടിൽ സ്വീകരിക്കുന്നതും നഗ്നനെ ഉടുപ്പിക്കുന്നതും, പാവപ്പെട്ടവനും അഗതിക്കും നീതിയും ന്യായവും പാലിച്ചു കൊടുക്കുന്നതുമാണെന്ന് ഏശയ്യാ പ്രവാചകന്റെ പുസ്തകം 58 ാം അദ്ധ്യായത്തിൽ വിവരിക്കുന്നുണ്ട്. രണ്ടാം വത്തിക്കാൻ കൗൺസിലിൽ ആരാധനാ ക്രമത്തെക്കുറിച്ചുള്ള പ്രമാണരേഖയിൽ നോമ്പുകാലത്തെ പ്രായശ്ചിത്തം വ്യക്തിപരവും ആന്തരികവുമായാൽ പോരാ, അത് ബാഹ്യവും സാമൂഹ്യവും ആയിരിക്കണം, ഇന്നിന്റെ വിവിധങ്ങളായ പ്രദേശങ്ങൾക്കും, വ്യക്തിപരമായ സാഹചര്യങ്ങൾക്കും അനുയോജ്യമായ വിധത്തിൽ വിശ്വാസികൾ പ്രായശ്ചിത്തം അനുഷ്ഠിക്കണം എന്നും വിവരിക്കുന്നു. പ്രമാണരേഖ പറയുന്നതുപോലെ ആദിമ ക്രൈസ്തവ സമൂഹത്തിന്റെ നോമ്പാചരണത്തിലും വ്യക്തിപരമായ മാനത്തോടൊപ്പം സമൂഹമാനത്തിനും തുല്യപ്രാധാന്യം നല്കിയതായി കാണാം.'

പ്രാർത്ഥനയും ഉപവാസവും ദാനധർമ്മവുമാണല്ലോ നോമ്പിന്റെ 3 ഉപാസനാ മാർഗ്ഗങ്ങളായി വി.ഗ്രന്ഥവും സഭാപിതാക്കന്മാരും ഊന്നിപറയുന്നത്. വ്യക്തിപരമായ പ്രാർത്ഥനയും ഉപവാസവും സാമൂഹ്യമാനമായ ദാനധർമ്മത്തിലേക്ക് നയിക്കുമ്പോഴാണ് നോമ്പാചരണം അർത്ഥപൂർ ണ്ണമാവുക. നമ്മുടെ ഉപവാസം ഉൾക്കൊള്ളേണ്ട സാമൂഹ്യ ഭാവത്തെക്കുറിച്ച് ബനഡിക്ട് 16 ാമൻ മാർപ്പാപ്പ ഈ വർഷത്തെ നോമ്പുകാല സന്ദേശത്തിൽ പ്രത്യേകം എടുത്തുപറയുന്നത് സഹോദരരെ ആത്മീയവും ശാരീരികവും മാനസികവുമായി സഹായിക്കാനുള്ള അവസരമാണ് നോമ്പുകാലം എന്നാണ്. ക്രൈസ്തവനെ സംബന്ധിച്ചിടത്തോളം ഉപവാസം, നമ്മുടെ ഊണുമേശ കൂടുതൽ ദരിദ്രമാക്കികൊണ്ട് ദാനത്തിന്റെയും സ്നേഹത്തിന്റെയും യുക്തിക്കനുസരിച്ച് ജീവിച്ച്, നമ്മൾ ദൈവത്തിലേക്കും മറ്റുള്ളവരുടെ ആവശ്യങ്ങളിലേക്കും കൂടുതൽ ഇറങ്ങിച്ചെല്ലുന്നതിനും, അങ്ങനെ ദൈവസ്നേഹം അയൽക്കാരനോടുള്ള സ്നേഹമായി തീരുന്നതിനും വേണ്ടിയാണ്. നമ്മുടെ നോമ്പുകാല പുണ്യങ്ങളും പരിത്യാഗങ്ങളും ഈ സാമൂഹ്യമാനം കൈവരിക്കണം. അതുകൊണ്ടാണ് നോമ്പുകാല പിരിവുകൾ സാമൂഹ്യസേവന രംഗത്തേക്ക് മാറ്റിവെയ്ക്കാൻ സഭ പ്രത്യേകം നിഷ്കർഷിക്കുന്നത്.

സഭ ആധുനിക ലോകത്തിൽ എന്ന പ്രമാണരേഖ സഭയെ വിളിക്കുന്നത് പരിചാരികയായ സഭയെന്നാണ്. ഭവനരഹിതർക്ക് ഭവനം, വിശക്കുന്നവന് ആഹാരം, രോഗികൾക്ക് ചികിത്സ, അറിവില്ലാത്തവർക്ക് അറിവ്, തൊഴിലില്ലാത്തവർക്ക് തൊഴിൽ, പ്രകൃതി സംരക്ഷണം തുടങ്ങിയവ സഭയുടെ ശുശ്രൂഷാദൗത്യത്തിൽ വിശ്വാസികൾ നിർവ്വഹിക്കേണ്ട

ഗൗരവമായ ഉത്തരവാദിത്വങ്ങളാണ്. സമൂഹത്തിന്റെ പ്രശ്നങ്ങളെ കണ്ടെത്തി പിന്നോക്കം നില്ക്കുന്നവരെ പ്രത്യേകിച്ച്, സ്ത്രീകൾ, കുട്ടികൾ, ചെറുകിടകർഷകർ, തൊഴിൽ രഹിതർ, നിർദ്ദനകുടുംബങ്ങൾ എന്നിവരെ , അറിവിലേക്കും തൊഴിലിലേക്കും, സ്വയം പര്യാപ്തതയിലേക്കും കൈപിടിച്ചുയർത്തികൊണ്ട് പാലക്കാടിന്റെ മണ്ണിൽ നമ്മുടെ രൂപതയുടെ ഔദ്യോഗിക സാമൂഹ്യ സേവനവിഭാഗമായ PSSP സഭയുടെ ഈ പരിചാരക റോൾ നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു.

ഈ വർഷത്തെ PSSP കർമ്മപദ്ധതികളിൽ സുപ്രധാനമായി മുമ്പോട്ടു വയ്ക്കുന്ന രണ്ടു ഘടകങ്ങൾ ആരോഗ്യപാലനവും കൃഷിയുമാണ്. രാസവളങ്ങളും, മാരക വിഷപദാർത്ഥങ്ങളും ഉപയോഗിച്ചുള്ള ഇന്നത്തെ കൃഷിരീതി നിലനില്ക്കുമ്പോൾ ആരോഗ്യ സംരക്ഷണം അചിന്ത്യമാണ്. നമുക്കാവശ്യമായ പച്ചക്കറികൾ, മുട്ട, പാൽ, മാംസം എന്നുവേണ്ട ആവശ്യമുള്ളതെന്തും അന്യനാടുകളിൽനിന്ന് വരുന്നത് പ്രതീക്ഷിച്ചാണ് നമ്മുടെ ഇരിപ്പ്. മാരകമായ രാസവസ്തുക്കളടങ്ങിയ ഈ ഭക്ഷണ പദാർത്ഥങ്ങൾ വലിയ വിലകൊടുത്ത് നാം സ്വന്തമാക്കുന്നു. ഇത്തരം ഭക്ഷണ പദാർത്ഥങ്ങൾ ഉപയോഗിക്കുമ്പോൾ മാരക രോഗങ്ങൾക്ക് അടിമപ്പെടുകയും വലിയ കടബാധ്യതയിലേക്കും നാം എത്തിച്ചേ രുന്നു. കൃഷിയെ സ്നേഹിക്കുകയും സാധ്യമായ ഭക്ഷ്യവസ്തുക്കൾ സ്വന്തമായി ഉല്പാദിപ്പിക്കുകയും ചെയ്യുക എന്നത് മാത്രമാണ് ഇതിന് പരിഹാരം. വിദ്യാർത്ഥികളും യുവജനങ്ങളും ഈ തിരിച്ചറിവ് നേടേണ്ടിയി രിക്കുന്നു. കൃഷിയേയും കർഷകനേയും സംരക്ഷിക്കുകയും വളർത്തുക യും ചെയ്യുന്ന നടപടികൾക്ക് രൂപം നല്കുകയും നടപ്പിലാക്കുകയും ചെയ്യേണ്ടിയിരിക്കുന്നു. നിലവിലുള്ള ഗൃഹാന്തരീക്ഷത്തിൽ പറമ്പിലും, വീട്ടുമുറ്റത്തും, ടെറസ്സിലും, മറ്റും കഴിയുന്നത്ര പച്ചക്കറികളും, പഴവർഗ്ഗങ്ങളും, കിഴങ്ങുവർഗ്ഗങ്ങളും ജൈവ/പ്രകൃതി കൃഷിരീതിയിൽ തന്നെ ഉല്പാദിപ്പിക്കേണ്ടിയിരിക്കുന്നു. ഇതിനുള്ള ബോധവത്കരണവും നടത്തിപ്പും ആണ് യുവാക്കളെ ലക്ഷ്യമാക്കികൊണ്ടുള്ള **"Yu Farm" (Youth at Farming )** എന്ന പ്രോഗ്രാമിലൂടെ PSSP ലക്ഷ്യമിടുന്നത്. ആരോഗ്യപരിപാലനവും കൃഷിയും മാലിന്യ നിർമ്മജ്ജനവും സമന്വയിപ്പിച്ചുകൊണ്ടുള്ള ഒരു പ്രവർത്തന കർമ്മ പദ്ധതിയാണ് ഈ വർഷം നടപ്പിലാക്കുന്നത്.

നമ്മുടെ ജില്ലയിലെ യുവജനങ്ങളെ കൃഷിയെ സ്നേഹിക്കുന്നവരും പ്രകൃതി സ്നേഹികളും ആരോഗ്യ പരിപാലകരുമായി രൂപപ്പെടുത്തുന്നതിനുള്ള ഈ ഉദ്യമത്തിൽ നമുക്ക് ആവേശത്തോടെ അണിചേരാം. അതിനായി ഈ വർഷത്തെ നോമ്പുകാലപ്പിരിവ് ഈ പദ്ധതിയുടെ നടത്തിപ്പി





നായി സൊസൈറ്റിയിൽ നേരിട്ട് ഏല്പ്പിക്കുമല്ലോ.

**ജില്ലാ വിമൻസ്ഫെഡ് മീറ്റിംഗ്**

29.2.2012 ന് ബുധനാഴ്ച കാലത്ത് 11 മണിക്ക് ജില്ലാ വിമൻസ് ഫെഡിന്റെ മാർച്ചുമാസത്തെ മീറ്റിംഗ് പാസ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെടുന്നു.

**ബ്ലോക്ക് ഫെഡ് മീറ്റിംഗുകൾ**

| തിയതി | ദിവസം | ബ്ലോക്ക് | സ്ഥലം | സമയം |
|---|---|---|---|---|
| 1.3.12 | വ്യാഴം | പാലക്കാട്/മലമ്പുഴ | പാസ്റ്ററൽ സെന്ററൽ | 11am |
| 2.3.12 | വെള്ളി | ആലത്തൂർ | FCC വടക്കുഞ്ചേരി | 11am |
| 2.3.12 | വെള്ളി | നെന്മാറ | പാരിഷ്ഹാൾ | 2.pm |
| 3.3.12 | ശനി | ശ്രീകൃഷ്ണപുരം | ചുണ്ടേക്കാട് | 11.am |
| 5.3.12 | തിങ്കൾ | മണ്ണാർക്കാട് | പൊന്നംകോട് | 11.am |
| 9.3.12 | വെള്ളി | കുഴൽമന്ദം | കളപ്പെട്ടി | 2.pm |
| 19.3.12 | തിങ്കൾ | അട്ടപ്പാടി | ഗുളിക്കടവ് | 11am |

**റീജിയണൽ ഓഫീസ് ദിവസം**

| **തിയതി** | **ദിവസം** | **സ്ഥലം** | **സമയം** |
|---|---|---|---|
| 15.3.12 | വ്യാഴം | കരിമ്പപാരിഷ്ഹാൾ | 11.00 -2.00pm |
| 19.3.12 | തിങ്കൾ | ഗൂളിക്കടവ് റീജിയണൽ ഓഫീസ് | 11.00 -2.00pm |
| 21.3.12 | ബുധൻ | നെന്മാറ പരിഷ്ഹാൾ | 11.00 -2.00pm |
| 20.3.12 | ചൊവ്വ | സാൻജോ ടവ്വർ | 11.00 -2.00pm |
| 22.3.12 | വ്യാഴം | FCC വടക്കുഞ്ചേരി | 11.00 -2.00pm |

**വനിതാദിനാഘോഷം**

പീപ്പിൾ സർവ്വീസ് സൊസൈറ്റി ലോക വനിതാദിനാഘോഷം 2012 വിവിധ പരിപാടികളോടെ 2012 മാർച്ച് മാസം 8–ാം തീയതി പാലക്കാട് പാസ്റ്ററൽ സെന്ററിൽ വച്ച് വിവിധ പരിപാടികളോടെ നടത്തപ്പെടുന്നു. കുടുംബാരോഗ്യവും ഭക്ഷ്യസുരക്ഷയും എന്ന വിഷയത്തിന് പ്രാധാന്യം നൽകികൊണ്ടുള്ള പ്രവർത്തനമാണ് നടത്തപ്പെടുക.

**ചക്ക സംസ്ക്കരണ പരിശീലനം**

വീട്ടു വളപ്പിലെ പാഴായി പോകുന്ന ചക്കയെ സംസ്ക്കരിച്ച് വിവിധ ഉല്പന്നങ്ങളാക്കി വിറ്റ് മെച്ചപ്പെട്ട വിലയും വരുമാനവും ഉണ്ടാക്കുന്നതിന് വേണ്ടി മംഗലം ഡാം, വടക്കഞ്ചേരി, അട്ടപ്പാടി മേഖലകളിൽ ഓരോ പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ പി.എസ്.എസ്.പി ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

**ഫാ. ജേക്കബ് മാവുങ്കൽ**
എക്സി. സെക്രട്ടറി, പി.എസ്.എസ്.പി.

# From the Bishop's Diary

**2012 ജനുവരി**

28 - പുതുതായി നിർമ്മിച്ച കുളക്കാട്ടുകുർശ്ശി സെന്റ് ജെയിംസ് ദൈവാലയം കൂദാശചെയ്ത് വിശുദ്ധ കുർബാനയർപ്പിച്ചു.

- പാലക്കാട് കാണിക്കമാതാ സ്കൂൾ ഓഡിറ്റോറിയത്തിൽ ജെയ്ക്രിസ്റ്റോ പ്രൊവിൻസിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ചാവറ കുടുംബസംഗമത്തിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.

- പാലക്കാട് സെന്റ് റാഫേൽസ് കത്തീഡ്രൽ സ്കൂൾ വാർഷികദിനാഘോഷ പരിപാടികളിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

29 - ചുള്ളിയാകുളം ഹോളിഫാമിലി ദൈവാലയത്തിൽ വി. കുർബാനയർപ്പിച്ചു. പുതുതായി നിർമ്മിച്ച പാരിഷ് ഹാൾ വെഞ്ചരിച്ചു.

30 - കല്ലേപ്പുള്ളി സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വൈദിക വിദ്യാർത്ഥികളെ ഇന്റർവ്യൂ ചെയ്തു.

31 - കത്തീഡ്രൽ ഇടവകാംഗം മൈക്കിൾ പുതുവീടിന്റെ മൃതദേഹസംസ്ക്കാര ശുശ്രൂഷകൾക്ക് കാർമ്മികത്വം വഹിച്ചു.

- വടക്കഞ്ചേരി ലൂർദ്ദ്മാതാ ഫൊറോന ഇടവകാംഗം തുരുവേലിൽ അഗസ്റ്റിന്റെ മൃതദേഹത്തിൽ ഒപ്പീസ് പാടി.

- സി.ബി.സി.ഐ. മീറ്റിംഗിൽ സംബന്ധിക്കുവാൻ ബാംഗ്ലൂരിലേക്ക് പുറപ്പെട്ടു.

**2012 ഫെബ്രുവരി**

1-8 ബാംഗ്ലൂരിൽ നടത്തപ്പെട്ട സി.ബി.സി.ഐ. മീറ്റിംഗിൽ സംബന്ധിച്ചു.

9 - പാലക്കാട് മേഴ്സി കോളേജിന്റെ വാർഷികദിനാഘോഷത്തോടനുബന്ധിച്ച മീറ്റിംഗിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

10 - അരമനയിൽ മുണ്ടൂർ യുവക്ഷേത്ര അഡ്വൈസറി കമ്മിറ്റി മീറ്റിംഗിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

11 - മുണ്ടൂർ വിമൽറാണി പ്രൊവിൻഷ്യൽ ഹൗസിൽ മദർ ലാംബർട്ടിന്റെയും സി. ഡൊമിറ്റിലയുടെയും സന്യാസവ്രത സുവർണ്ണജൂബിലി ആഘോഷത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു.





- കടമ്പൂർ സെന്റ് ഫ്രാൻസിസ് ഓഫ് അസ്സീസി ദൈവാലയത്തിൽ കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യവും സ്ഥൈര്യലേപനവും നൽകി വി. കുർബാനയർപ്പിച്ചു. സ്കൂൾ വാർഷികദിനാഘോഷം ഉദ്ഘാടനം ചെയ്തു.

12 - വചനഗിരി സെന്റ് ജോർജ്ജ് ദൈവാലയത്തിൽ കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യവും സ്ഥൈര്യലേപനവും നൽകി വി. കുർബാനയർപ്പിച്ചു. പുതുതായി നിർമ്മിച്ച പാരിഷ് ഹാൾ വെഞ്ചരിച്ചു.

- പൊമ്പ്ര സെന്റ് ആന്റണീസ് ദൈവാലയത്തിന്റെ രജതജൂബിലി ആഘോഷത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു.

13 - അരമനയിൽവെച്ച് നടത്തപ്പെട്ട വൈദികരുടെ മാസധ്യാനത്തിൽ സംബന്ധിച്ചു.

14 - എറണാകുളം സെന്റ് മേരീസ് ബസിലിക്കയിൽ ജോസഫ് കാർഡിനൽ പാറേക്കാട്ടിൽ പിതാവിന്റെ 25-ാം ചരമവാർഷികത്തോടനുബന്ധിച്ച് നടത്തപ്പെട്ട സമൂഹബലിയിൽ സംബന്ധിച്ചു വചനസന്ദേശം നൽകി.

15 - സന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

16 - മാങ്കുറുശ്ശി സെന്റ് പീറ്റർ ദൈവാലയവും ചിറ്റിലഞ്ചേരി സെന്റ് ആൻഡ്രൂസ് & ഫ്രാൻസിസ് ദൈവാലയവും സന്ദർശിച്ചു.

17 - സന്യാസഭവനങ്ങളും സ്ഥാപനങ്ങളും സന്ദർശിച്ചു.

18 - പാസ്റ്ററൽ സെന്ററിൽ കരിസ്മാറ്റിക് ലീഡേഴ്സ് ട്രെയ്നിംഗ് പ്രോഗ്രാമിൽ സംബന്ധിച്ചവർക്ക് സന്ദേശം നൽകി.

- പാസ്റ്ററൽ സെന്ററിൽ സ്റ്റാർസ് പരിശീലന പരിപാടിയിൽ സംബന്ധിച്ച കുട്ടികൾക്കും മാതാപിതാക്കൾക്കും സന്ദേശം നൽകി.

- തത്തമംഗലം സെന്റ് മേരീസ് ഫൊറോന ദൈവാലയത്തിൽ ASMI സന്യാസസമൂഹത്തിലെ നാല് സന്യാസാർത്ഥിനികളുടെ പ്രഥമവ്രതവാഗ്ദാനശുശ്രൂഷക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

19 - പാലക്കുഴി സെന്റ് തോമസ് ദൈവാലയത്തിൽ കുട്ടികൾക്ക് പ്രഥമ ദിവ്യകാരുണ്യവും സ്ഥൈര്യലേപനവും നൽകി വി. കുർബാനയർപ്പിച്ചു. പുനർനിർമ്മിച്ച സിമിത്തേരി വെഞ്ചരിച്ചു.

- കൊഴിഞ്ഞാമ്പാറ സെന്റ് ആന്റണി ദൈവാലയത്തിൽ ഇടവകദിനാ

ഘോഷത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു. പൊതുസമ്മേള നത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

20 - പാലക്കാട് സെന്റ് റാഫേൽസ് കത്തീഡ്രലിൽ വിഭൂതി തിരുക്കർമ്മ ങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

- അരമന കപ്പേളയിൽ റോസ്മിനിയൻ സഭാംഗം ബ്ര. ജെൻസൻ പൂവ്വ ത്തിങ്കലിന് മ്ശംശാന പട്ടം നൽകി.

21 - തൃശ്ശൂർ ലൂർദ്ദ് ഇടവകയിൽ സി. ലയോണി സി.എം.സി.യുടെ മാതാ വിന്റെ മൃതദേഹത്തിൽ ഒപ്പീസ് പാടി.

- എറണാകുളം ലിസി ആശുപത്രിയിൽ സ്ഥാപകൻ ജോസഫ് കാർഡി നൽ പാറേക്കാട്ടിൽ പിതാവിന്റെ 25-ാം ചരമവാർഷികത്തോടനുബ ന്ധിച്ച് വി. കുർബാനയർപ്പിച്ചു, സന്ദേശം നൽകി.

22 - കോടംതുരുത്ത് സെന്റ് ആന്റണീസ് ദൈവാലയത്തിൽ വി. കുർബാ നയർപ്പിച്ചു.

- ചേർത്തല ഗ്രീൻഗാർഡൻസ് ഹോസ്പിറ്റലിൽ രോഗീസന്ദർശനം നട ത്തി.

22-23 മംഗലപ്പുഴ പൊന്തിഫിക്കൽ സെമിനാരി കമ്മീഷൻ അംഗങ്ങളോ ടൊപ്പം സെമിനാരിയിൽ ഔദ്യോഗിക സന്ദർശനം നടത്തി.

24 - പാസ്റ്ററൽ സെന്ററിൽ പി.എസ്.എസ്.പിയുടെ ആഭിമുഖ്യത്തിൽ നട ത്തിയ ചക്ക@365 എന്ന പഴവർഗ്ഗ സംസ്ക്കരണപദ്ധതിയുടെ ഉദ്ഘാ ടന സമ്മേളനത്തിൽ ആദ്ധ്യക്ഷ്യം വഹിച്ചു.

25 - കല്ലേപ്പുള്ളി സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വൈദിക വിദ്യാർത്ഥികളെ ഇന്റർവ്യൂ ചെയ്തു.

26 - ആരോഗ്യപുരം സെന്റ് മേരീസ് ദൈവാലയത്തിൽ വി. കുർബാന യർപ്പിച്ചു. പുതുതായി നിർമ്മിച്ച വൈദികമന്ദിരം വെഞ്ചരിച്ചു.

27 - കല്ലേപ്പുള്ളി സെന്റ് മേരീസ് മൈനർ സെമിനാരിയിൽ വൈദിക വിദ്യാർത്ഥികളെ ഇന്റർവ്യൂ ചെയ്തു.